LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2017 ജൂലൈ വാല്യം 2 ലക്കം 7

## Fundamental Knowledge of True Theology - Chapter : 25

*So when the centurion and those with him,who were guarding Jesus, saw the earthquake and the things that had happened, they feared greatly,saying,*
*"Truly this was the Son of God!"*
*(Matthew 27:54)*

## ക്രിസ്തുശാസ്ത്രം
ഭാഗം 3

## CHRISTOLOGY
PART 3

-Devasia Mullakara Sir

# ക്രൈസ്തവ ആദ്ധ്യാത്മികത ക്ഷമയുടെ നെല്ലിപ്പലകയിൽ

## എഡിറ്റോറിയൽ

ദേവസ്വാ മുല്ലക്കരസാർ


സാധാരണഗതിയിൽ മനുഷ്യരൊക്കെയും ജഡികരാണ്. ജഡികരെന്നു പറഞ്ഞാൽ, അവരവരുടെ ഭക്ഷണക്കാര്യം, പ്രേമം, കാമം തുടങ്ങിയ കാര്യങ്ങളിൽ അവരവർക്കുള്ള ആവശ്യങ്ങൾ നിർവ്വഹിച്ചെടുക്കൽ, വസ്ത്രം, വീട്, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ഞാനായി എന്റെ കുടുംബമായി എന്നൊക്കെ മാത്രം വിചാരിക്കുന്നവർ. ഇത്തരം ആളുകളുടെ എന്തെങ്കിലു മൊക്കെ കാര്യങ്ങൾ, സാധാരണഗതിയിൽ നടക്കാതെ യായാൽ പലതിനും തടസ്സങ്ങൾ വന്നാൽ അവർ മറ്റുള്ളവരോട് ക്ഷമിക്കാതെയാവുകയും, ക്ഷമിക്കാത്ത മനസ്സിൽനിന്നും കോപത്തോടുകൂടിയ ഒച്ചയിടീലും, വേണമെങ്കിൽ കരച്ചിലും, പിഴിച്ചിലുമൊക്കെ ഉണ്ടാവുകയും ചെയ്യും. അവർ താമസിക്കുന്ന വീട്ടിൽ അവർ പ്രശ്നങ്ങളൊന്നും നേരിട്ടുണ്ടാക്കുകയില്ല. മറ്റുള്ളവരിലൂടെ ഉണ്ടാകുവാൻ ചില 'വേലകൾ' വെച്ചുകൊടുക്കുകയേ ഉള്ളു. മറ്റുള്ളവരിലൂടെ പ്രശ്നങ്ങൾ ഉണ്ടാവുകയില്ലെങ്കിൽ, അവർ തന്നെ അതു ഉണ്ടാ ക്കുകയും ചെയ്യും. എങ്ങനെയായാലും പ്രശ്നങ്ങളു ണ്ടാക്കുക എന്നതാണ് അവരുടെ ലക്ഷ്യം. മാത്രമല്ല അവർ ബാക്കിയുള്ളവരോട്; തങ്ങൾ പ്രാക്ടിക്കലായി ചിന്തിക്കുന്നു, നിങ്ങളാരും പ്രാക്ടിക്കലല്ല എന്നാരോപി ക്കുകയും ചെയ്യുന്നു. ക്ഷമിക്കാൻ കഴിയാത്തതാണ് ഇവരുടെ ഏറ്റവും വലിയ ആന്തരികസൗഖ്യക്കേട്. സ്വയം ന്യായീകരണം കാണുന്നതുകൊണ്ടാണ് ക്ഷമിക്കാൻ കഴിയാത്തത്. കുറച്ചു വിദ്യാഭ്യാസവും സമ്പത്തുംകൂടി അധികമായിട്ടുണ്ടെങ്കിൽ പിന്നെ പറയാനുമില്ല. ആവശ്യത്തിന് ഇവർക്ക് സൗന്ദര്യവും സംസ്ക്കാരവും ഉണ്ടെങ്കിൽ ഇവർ ദൈവകോപത്തിനിരയായേക്കും. ഇവർക്ക് ശക്തമായ ദൈവവിശ്വാസം ഉണ്ടെന്നുമാത്രമേ ഇവർ പറയൂ. പക്ഷേ ഇത്തരക്കാരുടെ വിശ്വാസം ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ നിന്നായിരിക്കുകയില്ല. കയ്യിലും ബാങ്കിലുമിരിക്കുന്ന സമ്പത്തിലുള്ള വിശ്വാസമത്രേ. കയ്യിലും ബാങ്കിലുമുള്ളത് തീർന്നാൽ എന്തുചെയ്യും എന്ന് ഇവർ ഭയക്കുന്നു. അപ്പോൾ അവർ ക്ഷമിക്കാത്തവരായിത്തീരുകയാണ്. കഴിഞ്ഞകാലത്ത് ആർജ്ജിച്ചത് ദൈവം തന്നതാണെന്ന് അവരോട് പറഞ്ഞാൽ അവർ ഒരിക്കലും അത് അംഗീകരിക്കുകയില്ല. ഞങ്ങൾ പലതും സഹിച്ചുകൊണ്ടുണ്ടാക്കിയതാണെന്ന് അവർ മറുപടി പറഞ്ഞെന്നിരിക്കും. അങ്ങനെ പറയുമ്പോൾ അവർ അവരുടെ ദൈവമാവുകയാണെന്ന് അവർ അറിയുന്നില്ല. ഈ സന്ദർഭത്തിൽ സത്യത്തിലെ ത്താൻ നാം ദൈവവചനത്തിലേക്ക് ചെല്ലേണ്ടി വരും. "പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്, ദൈവരാജ്യം ഇങ്ങനെയുള്ള വരുടേതാകുന്നു. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും അതിൽ കടക്കുകയില്ല എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു'' (ലൂക്കോ.18:16).

ഇവിടെ വളരെ ഗൗരവമുള്ള ഒരു ചോദ്യവുമായി ശിഷ്യന്മാർ ക്രിസ്തുവിന്റെ മുമ്പിൽ നിൽക്കുകയാണ്.

(ശേഷം 4-ാം പേജിൽ)

## Contents


എഡിറ്റോറിയൽ ....2,4
ക്രിസ്തുശാസ്ത്രം ....3,6-15
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും.... 16-21
ക്രിസ്തുശാസ്ത്രം ....22-33
സാക്ഷ്യങ്ങൾ....6,10,23,26
വാർത്തകൾ ....34
പ്രോഗ്രാം കലണ്ടർ .... 35




മനുഷ്യജഡത്തിൽ വന്ന യഥാർത്ഥ ദൈവമാണ് യേശുക്രിസ്തു എന്ന് ബൈബിളിലെ പുതിയനിയമത്തിൽ ക്രിസ്തു പഠിപ്പിച്ചു. പഴയനിയമപ്രവചന നിവൃത്തി ഇതിന് ഉപോദ്ബലകമായ സംഗതിയാണ്. അത്ഭുതങ്ങളും അടയാളങ്ങളും ക്രിസ്തു പ്രവർത്തിച്ചതും താൻ ജഡത്തിൽ വന്ന യഹോവയാണെന്നതിന് തെളിവ് ആണ്. മനുഷ്യാവതാരമെടുത്ത തന്നിലെ ദൈവത്വമാണ് മരിച്ചവരെ ഉയിർപ്പിച്ചതും. കാറ്റിനെയും കടലിനെയും ശാസിച്ച് അനക്കമില്ലാത്തതാക്കി തീർത്തതും.


**യേശുക്രിസ്തുവിൽ നിവർത്തിയായ പ്രധാന പ്രവചനങ്ങൾ**

1. മശിഹാ സ്ത്രീയുടെ സന്തതിയായി ജനിക്കുമെന്ന പഴയനിയമപ്രവചനം ഉല്പ.3:15-ൽ നാം കാണുന്നു. ''ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും." പുതിയനിയമത്തിൽ ഗലാ.4:4-ൽ "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്ന് ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചു".

2. ഒരു കന്യകയിൽനിന്നും യേശു ജനിക്കുമെന്ന് പഴയനിയമപ്രവചനം "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും" (യെശ.7:14). പുതിയനിയമവചനവുമായി നമുക്കിത് ഒത്തുനോക്കാം. "അവൾ ഒരു പുത്രനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേരിടണം എന്നു പറഞ്ഞു" (മത്താ.1:21).

3. പഴയനിയമത്തിൽ ഉല്പ.12-ൽ "ഞാൻ നിന്നെ വലിയ ഒരു ജനതയാക്കും; നിന്നെ അനുഗ്രഹിച്ച് നിന്റെ പേര് വലുതാക്കും; നീ ഒരുനുഗ്രഹമായിരിക്കും; നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും" (2,3). ഉല്പ.22:18-ൽ "നീ എന്റെ വാക്കനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും." ഇവിടെ പറഞ്ഞ അബ്രഹാമിന്റെ കാര്യവും സന്തതിയുടെ കാര്യവും ക്രിസ്തുവാണ്! ക്രിസ്തുവിന്റെ നിഴലാണ്. മത്തായി 1-ാം അദ്ധ്യായം 1-ാം വാക്യം ''അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി'' എന്നെഴുതിയിരിക്കുന്നു. ''എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല; നിന്റെ സന്തതിക്കും എന്ന് ഏകനെക്കുറിച്ചത്രെ പറയുന്നത്; അത്

(ശേഷം 5-ാം പേജിൽ)



**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ

# ക്രൈസ്തവ ആദ്ധ്യാത്മികത ക്ഷമയുടെ നെല്ലിപ്പലകയിൽ

**എഡിറ്റോറിയൽ** **ദേവസ്വാ മുല്ലക്കരസാർ**

(2-ാം പേജിൽ നിന്നും തുടർച്ച)

എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും?

ഉത്തരം ലളിതമാണ്, ഏക ഉത്തരവുമാണ്. ഒരു ശിശു ആകാതെ രക്ഷിക്കപ്പെടുവാൻ കഴിയില്ല. രക്ഷിക്കപ്പെടൽ എന്നത് ഒരു ശിശുവാകലാണ്. വെറും ഒരു ശിശു എന്നതിലപ്പുറം ഇപ്പോൾ ജനിച്ച ശിശു (1 പത്രൊ.2:1,2) എന്നതാണ് ബൈബിളിന്റെ പക്ഷം. ഇപ്പോൾ ജനിച്ച ശിശു മായമില്ലാത്ത പാലത്രേ കുടിക്കുന്നത്. ശിശുവിന് ചതിവില്ല, വ്യാജസ്വഭാവമൊന്നുമില്ല. പിള്ള മനസ്സിൽ കള്ളമില്ല എന്ന നാടൻ പ്രയോഗവും നമുക്കോർക്കാം. പിള്ളയ്ക്ക് ബാഹ്യസൗഖ്യവും ഉണ്ട് ആന്തരികസൗഖ്യവും ഉണ്ട്. പിള്ള തള്ള ആകുന്നതോടെ (പ്രായമാകുന്നതോടെ) കാപട്യങ്ങൾ അകത്തുകയറി പറ്റിക്കൂടും. സമൂഹത്തിൽ ഉന്നതനിലവാരം പുലർത്തുന്ന വീട്ടിലെ കുഞ്ഞും ഏറ്റവും താഴ്ന്ന നലവാരമുള്ള വീട്ടിലെ കുഞ്ഞും വെറും ശിശുവായിരിക്കുമ്പോൾ ഒരുപോലെ തന്നെയാണ്. പ്രായവും അറിവും വർദ്ധിക്കുന്നതിന് അനുസരിച്ചാണ് പ്രശ്നങ്ങളുണ്ടാകുന്നതും ഉണ്ടാക്കുന്നതും. ഒരു ശിശുവിനെ സംബന്ധിച്ച് പറഞ്ഞാൽ ഒട്ടും അഹങ്കാരമുണ്ടായിരിക്കുകയില്ല. ഒരു ശിശു ആരെയും കൈക്കൊള്ളും.

ശിശുവായതുകൊണ്ട് പിണങ്ങിയെന്നു വരാം. കയ്യിൽ കിട്ടിയത് എടുത്ത് വലിച്ചെറിഞ്ഞു എന്നുവരാം. വേദനിപ്പിച്ചെന്നു വരാം. സാരമില്ല, കൊച്ചുകുട്ടിയല്ലേ? നമുക്കിങ്ങനെയും ചിന്തിക്കാം. ഞാനും ഇക്കാര്യത്തിലൊക്കെയും ശിശുവല്ലേ? എനിക്കുമില്ലേ, ചില ചാപല്യങ്ങൾ? ഞാനിങ്ങനെയൊക്കെയായിട്ടും ആ ശിശു എന്നെ സ്വീകരിക്കുന്നില്ലേ, കളിക്കാനും തിമിർക്കാനുമൊക്കെ. ഈ ചിന്ത ഭരിച്ചാൽ പ്രശ്നം തീർന്നു. സഭയുടെ ഐക്യവും, വീടിന്റെ ഐക്യവും പരിപാലിക്കപ്പെടുവാൻ ഈ വിട്ടുവീഴ്ചയോടുകൂടിയ സ്വീകാര്യത അനിവാര്യമാണ്. മത്താ.18:6-ൽ ''ശിശുവിന് ഇടർച്ച വരുത്തുന്നവന്റെ കഴുത്തിൽ തിരികല്ല് കെട്ടി സമുദ്രത്തിൽ താഴ്ത്തിക്കളയുന്നതാണത്രേ അവന് നല്ലത്.''

ശിശുവിൽ നിന്ന് പഠിക്കാവുന്ന ഏറ്റവും നല്ല മാതൃക ക്ഷമയുടെ പാഠമാണ്. ഒരിക്കലും ഒരു ശിശു ആരോടും പകയും വിദ്വേഷവും വെച്ചുകൊണ്ടിരിക്കുകയില്ല. നമ്മൾ എത്ര വഴക്കടിച്ചാലും പിണങ്ങിയാലും ഒരു പിഞ്ചുകുഞ്ഞ് ഏതാനും മിനിറ്റുകൾക്കകം അവയെല്ലാം മറന്നുകളയും. ദൈവസഭയിലെയും ദൈവഗൃഹത്തിലെയും മക്കളായ നമുക്കും ഈ ശൈശവഭാവം നഷ്ടപ്പെടുത്തുമ്പോഴാണ് അവരുടെ പൈശാചികഭാവം വർദ്ധിക്കുന്നത്. ആത്മീകശിശു ദൈവത്തിൽനിന്നാണല്ലോ ജനിക്കുന്നത്. അപ്പോൾ ശിശുവിന്റെ സ്വഭാവം ദൈവത്തിന്റേതായിരിക്കണമല്ലോ. ദൈവം സ്നേഹമാണ്. സ്നേഹത്തിന്റെ പ്രദർശനം എന്നു പറയുന്നത് ക്ഷമയാണ്. ഒരു ദൈവപൈതലിന്റെ അസ്ഥിത്വം യാഥാർത്ഥ്യമാക്കുന്നത് ക്ഷമയിലൂടെയാണ്. യഥാർത്ഥ ദൈവഭക്തിയുടെയും വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, പ്രത്യാശയുടെയും ഉപാധിയും ക്ഷമയാണ്.

ക്രിസ്ത്യാനിറ്റി എന്നു പറയുന്നത് എല്ലാറ്റിലും ക്ഷമിക്കുക എന്നതാണ്. ലൂക്കോ.17:4: ''ദിവസത്തിൽ ഏഴ്വട്ടം നിങ്ങളോട് പിഴയ്ക്കുകയും ഏഴുവട്ടവും നിന്റെയടുക്കൽ വന്ന് ഞാൻ മാനസാന്തരപ്പെടുന്നു എന്നു പറയുകയും ചെയ്താൽ അവനോട് ക്ഷമിക്കുക.'' ക്ഷമിക്കുന്നതിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും പ്രായോഗികമാക്കുവാനും തുനിയാത്ത ആധുനിക സഭക്കും സഭാനേതാവിനും ആധുനിക ആത്മീയ ഗൃഹത്തിനും സുവിശേഷം പ്രസംഗിക്കുവാനുള്ള ധാർമ്മിക ഉപദേശം ഇല്ല. നിസ്സാരകാര്യങ്ങൾക്ക് പിണക്കവും ഭിന്നതയും പ്രാക്ടിക്കൽ എന്ന അപരനാമത്തിൽ അവിശ്വസ്തതയും വെച്ചുപുലർത്തുന്നിടത്ത് പാപക്ഷമയുടെ ബാലപാഠം എന്താണെന്ന് അറിയില്ല. ക്ഷമക്ക്, ഏഴ് എഴുപത്വട്ടം സ്ഥാനം കൊടുത്ത കർത്താവ് ക്ഷമക്ക് അതിരും അളവും നിശ്ചയിച്ചിട്ടില്ല. ദൈവീകക്ഷമ എന്നിടത്ത് പാപം പെരുകുന്നിടത്ത് കൃപയും പെരുക്കുന്നതാണ് (റോമ.5:20).

''വിവേകബുദ്ധിയാൽ മനുഷ്യന് ദീർഘക്ഷമ വരുന്നു. ലംഘനം ക്ഷമിക്കുന്നത്, അവന് ഭൂഷണം. (സദൃശ.19:11). കരുണ കാണിക്കാത്തവന് കരുണയില്ലാത്ത ന്യായവിധിയുണ്ടാകും. കരുണ ന്യായവിധിയെ ജയിച്ച് പ്രശംസിക്കുന്നു (യാക്കോ.2:13). കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്ക് കരുണ ലഭിക്കും (മത്താ.5:7).

## Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

(3-ാം പേജിൽ നിന്നും തുടർച്ച)

ക്രിസ്തു തന്നെ" (ഗലാ.3:16).

4. ഉല്പത്തിപുസ്തകത്തിലെ 49:10 എടുക്കാം: "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദായിൽ നിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല; ജാതികളുടെ അനുസരണം അവനോട് ആകും." യഹൂദാഗോത്രമായിരിക്കും അവന്റേത് എന്ന് ഈ തിരുവെഴുത്ത് സുവ്യക്തമാക്കുന്നു. പുതിയനിയമത്തിലേക്ക് വരുമ്പോൾ ലൂക്കോ.3:23 വചനത്തിൽ ''യേശുവിന് താൻ പ്രവർത്തിയാരംഭിക്കുമ്പോൾ ഏകദേശം മുപ്പത് വയസ്സായിരുന്നു. അവൻ യോസഫിന്റെ മകനെന്ന് ജനം വിചാരിച്ചു". എബ്രാ.7:14-ൽ "യഹൂദായിൽ നിന്ന് നമ്മുടെ കർത്താവ് ഉദിച്ചു എന്ന് സ്പഷ്ടമല്ലോ; ആ ഗോത്രത്തോട് മോശെ പൗരോഹിത്യം സംബന്ധിച്ച് ഒന്നും കല്പിച്ചിട്ടില്ല".

5.2ശമു.7:12-ൽ "നിന്റെ ഉദരത്തിൽ നിന്ന് പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്ക്കാലം തികഞ്ഞിട്ട് നിന്റെ പിതാക്കന്മാരോടു കൂടെ നീ നിദ്ര കൊള്ളുമ്പോൾ ഞാൻ നിനക്ക് പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും." ദാവീദിന്റെ ഭവനത്തെ ഇവിടെ പരാമർശിച്ചുവല്ലോ. മത്താ.1:1 - മായി ഈ വചനത്തെ ഒത്തുനോക്കാം. അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി.

6. ബേത്‌ലഹേമിലെ യേശുവിന്റെ ജനനത്തെ മീഖാ പ്രവാചകൻ 5:2-ൽ "നീയോ; ബെത്‌ലഹേം, എഫ്രാത്തെ, നീ യഹൂദാസഹ്രസങ്ങളിൽ ചെറുതായിരുന്നാലും യിസ്രയേലിന് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്ന് ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ." "ഹെരോദാ രാജാവിന്റെ കാലത്ത് യേശു യഹൂദ്യയിലെ ബേത്‌ലഹേമിൽ ജനിച്ച ശേഷം കിഴക്കുനിന്ന് വിദ്വാന്മാർ യെരൂശലേമിൽ എത്തി" (മത്താ. 2:1). മാത്രമല്ല: "അങ്ങനെ യോസഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവനാകകൊണ്ട് തനിക്ക് വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടുകൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസ്രത്ത് പട്ടണംവിട്ട്, യഹൂദ്യയിൽ ബെത്‌ലഹേം എന്ന ദാവീദിന്റെ പട്ടണത്തിലേക്ക് പോയി" (ലൂക്കോ.2:4,5).

7. യേശു പരിശുദ്ധാത്മാവാൽ അഭിഷേകം ചെയ്യപ്പെടുമെന്ന് പഴയനിയമത്തിലും പുതിയനിയമത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. ''അവന്റെമേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ് ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്'' (യെശ.11:2). പുതിയനിയമത്തിലാകട്ടെ മത്താ.3-ൽ 16,17 വാക്യങ്ങളിൽ "യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്ന് കയറി; അപ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായി" എന്നു നാം വായിച്ചറിയുന്നു.

8. യേശുവിന് വഴിയൊരുക്കുന്നവൻ വരുമെന്ന് പഴയ - പുതിയ നിയമഗ്രന്ഥങ്ങളിൽ: "മരുഭൂമിയിൽ യഹോവയ്ക്ക് വഴി ഒരുക്കുവിൻ: നിർജ്ജനപ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ" (യെശ.40:3). മലാഖി പ്രവാചകനും അങ്ങനെ പറയുന്നു. 3:1-ൽ "എനിക്കു മുമ്പായി വഴി നിരത്തേണ്ടതിന് ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്ന് തന്റെ മന്ദിരത്തിലേക്ക് വരും."


9. യേശു ദൈവത്തിന് മാത്രം ചെയ്യാൻ പറ്റുന്ന അത്ഭുതങ്ങൾ ചെയ്യും എന്ന് പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ കാണാം. യെശയ്യാവിൽ, "അന്ന് കുരുടന്മാരുടെ കണ്ണ് തുറന്നു വരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല; അന്ന് മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ച് ഘോഷിക്കും; മരുഭൂമിയിൽ വെള്ളവും

## ബാംഗ്ലൂരിലേക്ക് കർത്താവിന്റെ കൃപാകടാക്ഷം.



ഞാൻ R.K ബാബുരാജ്. ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. തലശ്ശേരിയിലാണ് എന്റെ വീട്. ഏകദേശം 6 മാസം മുമ്പ് എന്റെ കാൽമുട്ടിന് താഴ്ഭാഗത്ത് നീര് കണ്ടുതുടങ്ങി. ക്രമേണ് അത് കൂടുതലായി വന്നു. എനിക്ക് നേരത്തെതന്നെ ഷുഗറും ബി.പിയും ഉണ്ടായിരുന്നു. ഞാൻ ആശുപത്രിയിൽ പോയി ചെക്ക് ചെയ്തു. കിഡ്നിക്ക് പ്രോബ്ലം ആണെന്നും ഉടനടി ട്രീറ്റ്മെന്റ് തുടങ്ങണമെന്നും ഡോക്ടർമാർ പറഞ്ഞു. ഞാൻ ദൈവത്തിൽ വിശ്വസിച്ചു. കർത്താവിൽ നിന്ന് പ്രാർത്ഥനയാൽ അത്ഭുതരോഗസൗഖ്യം വാങ്ങിക്കൊടുക്കുന്ന റവ.ദേവസ്യാ മുല്ലക്കരസാർ നയിക്കുന്ന, ചെറുപുഴക്കടുത്തുള്ള പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ 2017 ജൂൺ 19 മുതൽ 22 വരെ നടന്ന ധ്യാനത്തിൽ ഞാൻ പങ്കെടുത്തു. കർത്താവിന്റെ ദാസന്റെ ഒറ്റ പ്രാർത്ഥനയാൽ എന്റെ കാലിലെ നീരെല്ലാം പോയി. എനിക്ക് സമ്പൂർണ്ണസൗഖ്യമായി. കിഡ്നി രോഗവും പൂർണ്ണമായി മാറിയതിന്റെ സൗഖ്യം എനിക്ക് ശരീരത്തിൽ അനുഭവിച്ചറിയാനും സാധിച്ചു. എന്നെ അനുഗ്രഹിച്ച യേശുവെ അങ്ങേക്കാരാധന! അങ്ങേക്കുമാത്രം!!

**R.K ബാബുരാജ്. തലശ്ശേരി**
**09448988590**




നിർജ്ജനപ്രദേശത്ത് തോടുകളും പൊട്ടിപ്പുറപ്പെടും. മരീചിക പൊയ്കയായും വരണ്ടനിലം നീരുറവകളായും തീരും" (35:5,6). "യേശു പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ച് അവരുടെ പള്ളികളിൽ ഉപദേശിച്ച് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും സകല ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു" (മത്താ.9:35).

10. ദേവാലയം ശുദ്ധമാക്കുന്ന കാര്യം പഴയനിയമത്തിലെ മലാഖിയിലും പുതിയനിയമത്തിലെ മത്തായിയിലും കാണാം. മത്താ.21:12,13 – "യേശു ദേവാലയത്തിൽ ചെന്നു. ദേവാലയത്തിൽ വിൽക്കുന്നവരെയും കൊള്ളുന്നവരെയും എല്ലാം പുറത്താക്കി, പൊൻവാണിഭക്കാരുടെ മേശകളെയും പ്രാവുകളെവിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ചുകളഞ്ഞ് അവരോട്: എന്റെ ആലയം പ്രാർത്ഥനാലയമെന്ന് വളിക്കപ്പെടും എന്നെഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു പറഞ്ഞു" (ഏശ.56:7,8).

11. യേശുക്രിസ്തു യഹൂദജനതയാൽ ഉപേക്ഷിക്കപ്പെടുമെന്ന് പഴയനിയമത്തിലും പുതിയനിയത്തിലും: "വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി ത്തീർന്നിരിക്കുന്നു"(സങ്കീ.118:22). "വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്കൽപ്പാറയുമായിത്തീർന്നു" (1 പത്രൊ.2:7).

12. "യേശു ലജ്ജാകരമായ മരണം വരിക്കും. "ഞാൻ വെള്ളംപോലെ തൂകിപ്പോകുന്നു; എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു. എന്റെ ഹൃദയം മെഴുകുപോലെ ആയി. എന്റെ കുടലിന്റെ നടുവെ, ഉരുകിയിരിക്കുന്നു. എന്റെ ശക്തി ഓട്ടുകഷണം പോലെ ഉണങ്ങിയിരിക്കുന്നു. എന്റെ നാക്ക് അണ്ണാക്കോട് പറ്റിയിരിക്കുന്നു. നീ എന്നെ മരണത്തിന്റെ പൊടിയിലിട്ടുമിരിക്കുന്നു. നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു. എന്റെ അസ്ഥികളൊക്കെയും എനിക്കെണ്ണാം. അവർ എന്നെ ഉറ്റുനോക്കുന്നു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു.

എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു" (സങ്കീ.22:14-19). "പട്ടാളത്തെ എല്ലാം അവന്റെ നേരെ വരുത്തി, അവന്റെ വസ്ത്രം അഴിച്ച് ഒരു ചുമന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെനഞ്ഞ് അവന്റെ തലയിൽ വെച്ചു, വലങ്കൈയിൽ ഒരു കോലും കൊടുത്തു; അവന്റെ മുമ്പിൽ മുട്ടുകുത്തി: യഹൂദന്മാരുടെ രാജാവെ, ജയ, ജയ എന്നു പരിഹസിച്ചുപറഞ്ഞു. പിന്നെ അവന്റെമേൽ തുപ്പി, കോലെടുത്ത് അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ച് തീർന്നപ്പോൾ മേലങ്കി നീക്കി അവന്റെ സ്വന്തവസ്ത്രം ധരിപ്പിച്ചു. ക്രൂശിപ്പാൻ കൊണ്ടുപോയി" (മത്താ.27:27-31).

13. യേശു, തന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കും. യെശ.53:12 - "അതിക്രമക്കാർക്കുവേണ്ടി ഇട നിന്നുംകൊണ്ട് അതിക്രമക്കാരോട് കൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ'' എന്നും ലൂക്കോ.23:34-ൽ "പിതാവെ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമേ എന്നു പറഞ്ഞു."


14. യേശു മരണത്തിൽ നിന്നും ഉയിർത്തെഴുന്നേൽക്കും എന്ന് സങ്കീ.27-ൽ. "നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നു പറഞ്ഞിട്ട് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് "നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല നിന്റെ പരിശുദ്ധനെ ദ്രവത്വം കാണാൻ സമ്മതിക്കുകയുമില്ല" എന്നും പറഞ്ഞിരിക്കുന്നു. പുതിയനിയമത്തിലാകട്ടെ "അവൻ അവരോട്: ഭ്രമിക്കേണ്ട; ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ ഉയിർത്തെഴുന്നേറ്റു. അവൻ ഇവിടെയില്ല; അവനെ വെച്ച സ്ഥലം ഇതാ, നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും: അവൻ നിങ്ങൾക്കുമുമ്പെ ഗലീലയ്ക്ക് പോകുന്നു എന്നു പറവിൻ. അവൻ നിങ്ങളോട് പറഞ്ഞതുപോലെ അവിടെ അവനെ കാണും എന്നു പറവിൻ" (മർക്കോ.16:7).

15. യേശുവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് സങ്കീ.68:18-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "നീ ഉയരത്തിലേക്ക് കയറി ബദ്ധന്മാരെ പിടിച്ചുകൊണ്ടു പോയി; യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിന് നീ മനുഷ്യരോട്, മത്സരികളോട് തന്നെ, കാഴ്ച വാങ്ങിയിരിക്കുന്നു.'' അപ്പൊ.പ്ര.1:9-ൽ ''ഇത് പറഞ്ഞശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു; ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ച്ചയ്ക്ക് മറഞ്ഞു" എന്നു നാം വായിക്കുന്നു.

16. യേശു ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്ന് സങ്കീ.110:1-ലും എബ്രാ.1:3-ലും എഴുതിയിരിക്കുന്നു: "യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്ക". "അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമാകകൊണ്ട് പാപങ്ങൾക്ക് പരിഹാരമുണ്ടാക്കിയശേഷം, ഉയരത്തിൽ മഹിമയുടെ വലതുഭാഗത്ത് ഇരിയ്ക്കുകയും അവൻ ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയായതിനൊത്തവണ്ണം അവരെക്കാൾ ശ്രേഷ്ഠനായിത്തീരുകയും ചെയ്തു".

## ക്രിസ്തുവിന്റെ മരണം

സാത്താന്റെ സിംഹാസനം ആകപ്പാടെ ഒന്നേ ഞെട്ടിവിറച്ചിട്ടുള്ളു. അത് ക്രിസ്തുവിന്റെ മരണത്തിന്റെ ആഘാതത്താലാണ്. എങ്കിലും അവൻ ആശ്വസിച്ചു അവന്റെ ശത്രു മരിച്ചല്ലോ എന്നോർത്ത്. ആ ആശ്വാസം മണിക്കൂറുകളേ നീണ്ടുനിന്നുള്ളു, അപ്പോഴത്തേക്കും യേശു ഉയിർത്തെഴുന്നേറ്റുകഴിഞ്ഞു. കാരണമിതാണ്: "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി" (1 യോഹ.3:8). യേശുകർത്താവ് വന്നത് പാപം ചെയ്യിപ്പിക്കുന്ന പിശാചിന്റെ പ്രവത്തികളെ അഴിക്കുവാനാണെങ്കിൽ ആ പ്രവൃത്തിയുടെ പൂർത്തീകരണം നടന്നത് ക്രിസ്തുവിന്റെ കാൽവരിമരണം




മൂലമാണ്.

**പാപമില്ലാത്തവൻ പാപികൾക്കുവേണ്ടി മരിച്ചു**

''ക്രിസ്തുവൊ നാം പാപികളായിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമൊ നാം അവനാൽ എത്ര അധികമായി കോപത്തിൽനിന്ന് രക്ഷിക്കപ്പെടും. ശത്രുക്കളായിരിക്കുമ്പോൾതന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും" എന്നത്രേ റോമ.5-ൽ 8,9,10 വചനങ്ങളിലുള്ളത്. മനുഷ്യവർഗ്ഗത്തിന്റെ പാപം മൂലമുള്ള ആത്മാവിന്റെ നഷ്ടാവസ്ഥയാണ് ക്രിസ്തുവിന്റെ മരണം അനിവാര്യമാക്കിയത്. ഈ ദൈവജനത്തിന്റെ ആത്മനഷ്ടാവസ്ഥ കണ്ടപ്പോൾ ദൈവത്തിന്റെ പൂർവ്വനിർണ്ണയപ്രകാരം ക്രിസ്തുവിന്റെ മരണം അനിവാര്യമാക്കിത്തീർക്കയായിരുന്നു. ഫിലിപ്പിയരിൽ "അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി ത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും എല്ലാ നാവും ''യേശുക്രിസ്തു കർത്താവ്'' എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും" (ഫിലി.2:6-11).

**സുവിശേഷത്തിന്റെ അടിസ്ഥാന പ്രമേയം**

ക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാണ് സുവിശേഷത്തിന്റെ അടിസ്ഥാന പ്രമേയം. ''ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ച് അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതുതന്നെ നിങ്ങൾക്ക് ആദ്യമായി ഏല്പിച്ചുതന്നുവല്ലോ" (1 കൊരി.15:3,4,5). സുവിശേഷം സുവിശേഷമാകുന്നത് അത് നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ളതാണെന്ന് നാം തിരിച്ചറിയുമ്പോഴാണ്. നമ്മുടെ പാപങ്ങൾക്കായുള്ള ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണവും പുനരുത്ഥാനവും സംഭവിക്കുമ്പോൾ ആ മഹത്സ്നേഹത്തിൽ വിശ്വസിക്കുന്നവർക്ക് രക്ഷ കൈവരുന്നതിനാൽ ആ വിശേഷം സുവിശേഷമായിത്തീരുകയാണ്. ക്രിസ്തുവിന്റെ മരണത്തിലൂടെ പാപപരിഹാരം ലഭിക്കുകയുണ്ടായി. ആ കാരണത്താൽ തന്നെ യേശുക്രിസ്തുവിന്റെ മരണം അനിവാര്യമായിരുന്നു.

ഒരിയ്ക്കൽ യേശു ഇങ്ങനെ പറയുകയുണ്ടായി: "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നെ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:14,15,16). 1 കൊരി.1:22, 23-ൽ: "യഹൂദന്മാർ അടയാളം ചോദിക്കുകയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു: ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു." അതേ പുസ്തകത്തിൽ അപ്പൊസ്ത ലനായ പൗലൊസ് ഇങ്ങനെയും പറയുന്നു ''ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെയിടയിൽ ഇരിക്കേണമെന്ന് ഞാൻ നിർണ്ണയിച്ചു" (1 കൊരി.2:2). ഗലാ.6:14-ൽ പൗലൊസ് അപ്പൊസ്തലൻ പറഞ്ഞത് ക്രിസ്തുവിന്റെ മരണം എത്ര അദ്ദേഹത്തെ സ്വാധീനിച്ചു എന്നറിയാൻ വേണ്ടി കുറിക്കാം. "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിക്കാൻ ഇടവരരുത്".

ദാനിയേൽ പ്രവാചകൻ 9:26-ൽ "അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞ് അഭിഷിക്തൻ ഛേദിക്കപ്പെടും; അവന് ആരും ഇല്ലെന്നു വരും" അറുപത്തിരണ്ട് ആഴ്ചവട്ടം എന്നത് 434 വർഷമാണ്. ആഴ്ചവട്ടം എന്നത് ഏഴുകളാണ്.

## Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

എഴുപത് ആഴ്ചവട്ടം (9:24) എന്നത് 70 ഏഴുകളാണ്. അതായത് 490 വർഷങ്ങൾ, 360 ദിവസങ്ങൾ വീതമുള്ള 42 മാസങ്ങൾ ചേരുമ്പോൾ 1260 ദിവസം വരും (വെളി. 11:3-ലും 13:5-ലും ഈ പ്രയോഗം കാണാം). സങ്കീ.22-ൽ 16,17,18-ൽ "അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു. എന്റെ അസ്ഥികളൊക്കെയും എനിക്കെണ്ണാം. അവർ എന്നെ ഉറ്റുനോക്കുന്നു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു."

### ക്രിസ്തു മരണം ആസ്വദിച്ചു

ലോകത്തിൽ ക്രിസ്തുവൊഴികെ മറ്റാരും കാണുകയില്ല, ആസ്വാദ്യതയോടെ മരിച്ചവർ. "എങ്കിലും ദൈവകൃപയാൽ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിക്കുവാൻ ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശുക്രിസ്തു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു'' (എബ്രാ.2:9). മരിക്കാൻവേണ്ടി ആരെങ്കിലും ജനിക്കാറുണ്ടോ. ജനിച്ചവരെല്ലാം മരിക്കും. എങ്കിലും ക്രിസ്തു മാത്രം മരിക്കാൻവേണ്ടി ജനിക്കുകയും മരിക്കാൻവേണ്ടി ജീവിക്കുകയും ചെയ്തു. മനുഷ്യന്റെ പാപത്തിനുവേണ്ടി ക്രിസ്തു മരിച്ചു. ഇനി മനുഷ്യൻ തന്റെ പാപത്തിനുവേണ്ടി മരിക്കേണ്ടതില്ല. ക്രിസ്തുവിന്റെ മരണത്തിലൂടെ മനുഷ്യവർഗ്ഗത്തിന് പാപരിഹാരം ലഭ്യമായി. ഇനി നാം അത് വിശ്വാസത്താൽ പ്രാപിച്ചെടുക്കണം. ദൈവവിശ്വാസം, ക്രിസ്തുവിശ്വാസം, പരിശുദ്ധാത്മവിശ്വാസം എന്നൊക്കെ പറയുന്നത് ഒന്നാണ്. "വിശ്വാസം" **ഇത് ദൈവദത്തമായ വിശ്വാസമാണ്. മനുഷ്യൻ പ്രാർത്ഥിച്ച് പ്രാർത്ഥിച്ചുണ്ടാക്കുന്നതോ സ്തുതിച്ച് സ്തുതിച്ചുണ്ടാക്കുന്നതോ പാടിപ്പാടിയുണ്ടാക്കുന്നതോ ഉപവസിച്ച് ഉപവസിച്ചുണ്ടാക്കുന്നതോ അന്യഭാഷയിൽ പാടിയും പ്രാർത്ഥിച്ചുമുണ്ടാക്കുന്നതോ അല്ല വിശ്വാസമെന്ന് പറയുന്നത്. അങ്ങനെ ഭക്തപ്രഹർഷങ്ങൾ കാണിക്കുമ്പോൾ വിശ്വാസം ആർക്കും ഉണ്ടാവുകയില്ലെന്നും പറയുന്നില്ല. ഞാൻ പറയുന്നത് ഒരു മനുഷ്യന്റെ ഭാവികാര്യങ്ങളെല്ലാം അറിയുന്ന ദൈവം അയാൾ ശുശ്രൂഷ ചെയ്ത് ആത്മാക്കളെ സമ്പാദിക്കുമെന്നുംകൂടെ അറിയുന്ന ദൈവം കൃപയാൽ അയാൾക്കു കൊടുക്കുന്നതാണ് വിശ്വാസം. സ്നേഹവും കൃപയാൽ അയാൾക്കു കൊടുക്കുന്നതാണ്. വരദാനഫലങ്ങളുമൊക്കെ കൃപയാൽ അദ്ദേഹത്തിനു കൊടുക്കുന്നതാണ്.**

**ഈ ദൈവദത്തവിശ്വാസം കിട്ടിയ വ്യക്തിയാണ് വിശ്വാസി. അല്ലാതെ സ്നാനം ചെയ്ത ആളാണെന്ന് ഓർത്ത്, സഭയ്ക്ക് ദശാംശം കൊടുക്കുന്ന വ്യക്തിയുമാണെന്നോർത്ത് കൃപയാലുള്ള ദൈവദത്ത വിശ്വാസമില്ല എങ്കിൽ. അയാൾ വീണ്ടുംജനനം പ്രാപിക്കാത്ത ഒരാളാണ്. അങ്ങനെയുള്ള വിശ്വാസി എന്നത് ഒരു നാമമാത്ര വിശ്വാസി മാത്രമാണ്.**

### പിശാചിനെ മരണത്താൽ നീക്കി

1 യോഹ.3:8-ൽ പറഞ്ഞായിരുന്നു പിശാചിന്റ പ്രവൃത്തികളെ അഴിക്കാൻ തന്നെയാണ് ദൈവപുത്രൻ പ്രത്യക്ഷനായതെന്ന്. എബ്രായലേഖകൻ 2:14,15 വാക്യങ്ങളിൽ പറയുന്നു: ''മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്ന വരെയൊക്കെയും വിടുവിച്ചു.'' മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കിക്കളയുവാനാണ് യേശു മാംസരക്തങ്ങളോടു കൂടിയവനായി ജനിച്ചതും മരിച്ചതും. 2 തിമോ.1:9,10 - "അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധവിളികൊണ്ട് വിളിക്കുകയും ചെയ്തു, നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല, സകല കാലത്തിനുംമുമ്പെ ക്രിസ്തുയേശുവിൽ നമുക്ക് നൽകിയിരിക്കുന്നതും ഇപ്പോൾ മരണം നീക്കുകയും സുവിശേഷംകൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിനും കൃപയ്ക്കു

## Fundamental Knowledge of True Theology - Chapter : 25
## ക്രിസ്തുശാസ്ത്രം 3 Christology

മൊത്തവണ്ണമത്രെ”.

**സാക്ഷാൽ ജീവനാരാണ്? അതു ക്രിസ്തുവാണ്. ജീവനായ ക്രിസ്തു മരണത്തെ നീക്കുകയും ജീവനും അക്ഷയതയും വെളിച്ചത്താവുകയും ചെയ്തു. അടിമക്കച്ചവടവും സതി സമ്പ്രദായവും നിയമംകൊണ്ട് നിർത്തലാക്കിയതുപോലെ ക്രിസ്തു തന്റെ ഭരണം കൊണ്ട് മനുഷ്യവർഗ്ഗത്തിന്റെ മരണത്തെ, രണ്ടാം മരണത്തെ, ആത്മാവ് നരകത്തിൽ പോകാനുള്ള സാധ്യതയെ നിർത്തലാക്കി. എങ്കിൽ ക്രിസ്തു എന്ന മർത്യൻ, തന്നിൽ വിശ്വസിക്കുന്ന നമുക്ക് അമർത്യത നൽകി.**

### വീണ്ടെടുപ്പും മറുവിലയും

1 തിമോ.2:5-ൽ “ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ.” അതെ, എല്ലാവർക്കുംവേണ്ടി മറുവില കൊടുത്ത എന്നെഴുതിയിരിക്കുന്നു. ലേവ്യ.25:25-ൽ “നിന്റെ സഹോദരൻ ദരിദ്രനായിത്തീർന്ന് തന്റെ അവകാശത്തിൽ ഏതാനും വിറ്റാൽ അവന്റെ അടുത്ത ചാർച്ചക്കാരൻ വന്ന് സഹോദരൻ വിറ്റത് വീണ്ടെടുത്തുകൊള്ളേണം.” വീണ്ടുകൊള്ളേണമെങ്കിൽ മറുവില കൊടുക്കേണമല്ലോ. ക്രിസ്തു തന്നെത്താൻ എല്ലാവർക്കുംവേണ്ടി മറുവിലായി കൊടുത്തു എന്നാണല്ലോ 1 തിമോ.2:5-ൽ പറഞ്ഞത്. പാപം നിമിത്തം സകലവും നഷ്ടപ്പെട്ട മനുഷ്യകുടുംബത്തിന് സമാധാനവും സ്വർഗ്ഗരാജ്യവും മടക്കിക്കിട്ടുന്നതിന് വീണ്ടെടുപ്പുകാരന്റെ വീണ്ടെടുപ്പുകർമ്മമായ മരണം അനിവാര്യമായിരുന്നു.

### പ്രവാചകന്മാർ ആരായിരുന്നു?

“ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കുന്നതിന് നീതിമാനായി, നീതികെട്ടവർക്കു വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടമനുഭവിച്ചു. ജഡത്തിൽ മരണശിക്ഷ ഏൽക്കുകയും ആത്മാവിൽ ജീവിപ്പിക്കപ്പെടുകയും ചെയ്തു”(1 പത്രൊ.3:18).

## തളർന്നുപോയ എന്നെ യേശു എഴുന്നേൽപ്പിച്ചു



എന്റെ പേര് ജോസ്. ഞാൻ കണ്ണൂർ ജില്ലയിൽ ഉളിക്കലിനടുത്ത് പരിക്കളത്താണ് താമസിക്കുന്നത്. ഒരു വർഷം മുമ്പ് എനിക്ക് പ്രഷർ അധികമായി തല ചുറ്റലുണ്ടായി താഴെ വീണു. കണ്ണൂരുള്ള എകെജി ആശുപത്രിയിൽ എന്നെ കൊണ്ടുപോയി. എന്റെ ഒരുവശം തളർന്ന് പോയിരുന്നു. പരിശോധനയ്ക്ക് ശേഷം ഡോക്ടർമാർ പറഞ്ഞു ഇത് സ്ട്രോക്കാണ്. തലച്ചോറിൽ രക്തം കട്ടപിടിച്ചിരിക്കുന്നു. എന്റെ ജീവിതത്തെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും തകർന്നുപോയി. അത്യാവശ്യം ചില മരുന്നുകൾ വാങ്ങി വീട്ടിലേക്ക് പോരുവാനേ ഞങ്ങൾക്ക് കഴിഞ്ഞുള്ളു. കുറച്ചുനാൾ ഫിസിയോതെറാപ്പിയും ആയുർവ്വേദവുമൊക്കെ ചെയ്തു. ഒരു ഫലവും കിട്ടിയില്ല. അങ്ങനെയിരിക്കെ, കണ്ണൂരിൽ BRB ഓഡിറ്റോറിയത്തിൽ കഴിഞ്ഞ നവംബർ മാസത്തിൽ, അത്ഭുതരോഗശാന്തിവരമുള്ള ദേവസ്യാമുല്ലക്കരസാർ നടത്തിയ ഒരു ധ്യാനത്തിൽ പങ്കെടുക്കുവാൻ ദൈവം എന്നെ അനുഗ്രഹിച്ചു. ആ പ്രാർത്ഥനാമീറ്റിംഗിൽവച്ച് എന്റെ ദൈവം എന്നെ എഴുന്നേൽപ്പിച്ചുനടത്തി. കഴിഞ്ഞ ജൂൺ 24-ന് ഇരിട്ടിയിലെ M2H ഓഡിറ്റോറിയത്തിൽ സാർ വന്നപ്പോൾ ഞങ്ങൾ വീണ്ടും പോയി പ്രാർത്ഥിച്ചു. സമ്പൂർണ്ണസൗഖ്യം നൽകി യേശു എന്നെ അനുഗ്രഹിച്ചു. ദേവസ്യാസാറിന്റെ ഇരിട്ടി ചർച്ച് ഓഫ് ഇറ്റേണിറ്റിയിൽ പാ.മാത്യുസ് നേതൃത്വം കൊടുക്കുന്ന ആരാധനയിൽ എല്ലാ ഞായറാഴ്ചകളിലും പോയി ഞങ്ങൾ സത്യദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു.

**ജോസ്. ഉളിക്കൽ. പരിക്കളം**
**കണ്ണൂർ. 9947584291**

Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

ക്രിസ്തുവിന്റെ മരണം പാപികളായ നമുക്കു വേണ്ടിയായിരുന്നു. അത് നീതികെട്ടവരായവരെ നീതിമാന്മാരാക്കുവാൻ വേറെ ഒരുവഴിയുമില്ലാത്തതു കൊണ്ടായിരുന്നു. നമ്മുടെ പാപം നിമിത്തമാണ് ക്രിസ്തു കഷ്ടമനുഭവിച്ചതെന്ന് അപ്പൊസ്തലനായ പത്രൊസ് വീണ്ടും പറയുകയാണ്. "ന്യായപ്രമാണത്തിൻകീഴുള്ള വരെ വിലയ്ക്കുവാങ്ങിയിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിന് ആയിരുന്നു പുത്രന്റെ മരണമെന്ന്" ഗലാ.4:5-ലും കാണുന്നു. അപ്പോൾ ലക്ഷ്യം ഇതാണ് തനിക്ക് ലഭിച്ച പുത്രത്വപദവി നമുക്കും ലഭിക്കണം. അതിന്, തന്നെപ്പോലെ അവരെയും പാപമില്ലാത്തവരാക്കണം. പാപമില്ലാത്തവരാകുവാൻ അവർക്കു കഴിയില്ല. കാരണം അവരുടെ ശരീരവും മനസ്സും പാപത്തിലേക്ക് ചാഞ്ഞേയിരിക്കൂ. തനിക്കു മാത്രമേ അവരുടെ പാപത്തിന് പരിഹാരം ചെയ്യുവാൻ പറ്റൂ. അവരുടെ പാപങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ താൻ ശിക്ഷയേറ്റു. ദൈവഹിതപ്രകാരം മരിച്ചു. അപ്പോൾ ഒഴുക്കിയ രക്തം പാപകഴുകലിനായിരുന്നു. അത്രമാത്രം. ആ രക്തത്തെ, ആരു വിശ്വസിച്ച്, കഴുകൽ, വിശ്വാസത്താൽ ഏറ്റെടുക്കുന്നുവോ, അവർ യേശുവിന്റെ രക്തം മുഖാന്തരം വിശുദ്ധരായിത്തീരുകയാണ്. ഗലാ.1:3,4-ലെ സന്ദേശവും കൂടി നോക്കാം. "പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്ന് നമ്മെ വിടുവിക്കേണ്ടതിന് നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ".

ഇപ്പോഴത്തെ ഈ ദുഷ്ടലോകം ദുഷ്ടലോകമായി തുടരുകയേയുള്ളൂ. കാരണം, വീണ് നടുവൊടിഞ്ഞുപോയ ഒരാൾക്ക് മറ്റൊരാളുടെ സഹായം വേണമല്ലോ, എഴുന്നേൽക്കാൻ. യേശുവിന്റെ സഹായത്താൽ, എഴുന്നേൽക്കുകയാണ് പാപക്കെണിയിൽ കുടുങ്ങിയ മനുഷ്യൻ. അതോ, അത്, പിതാവിന്റെ ഹിതപ്രകാരം തന്നെയായിരുന്നു. അങ്ങനെയാണ് അപ്പൊസ്തലനായ പൗലൊസ് അഭിപ്രായപ്പെടുന്നത്, ദൈവവചനത്തിലൂടെ. പാപം നിമിത്തം ദൈവവും മനുഷ്യനും തമ്മിലുണ്ടായിരുന്ന വിടവ് ക്രിസ്തുവിന്റെ മരണത്താൽ നീങ്ങുകയായിരുന്നു.

## ഗോതമ്പ്മണി

"ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: ഗോതമ്പ്മണി നിലത്തുവീണ് ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും" (യോഹ.12:24). നിലത്തുവീണ് ചത്ത ഗോതമ്പ്മണി, യേശു തന്നെയാണ്. യേശുവിനെ നാമും നേരാംവണ്ണം അനുഗമിച്ചാൽ, ഗോതമ്പ്മണികളാകും. ക്രിസ്തുതുല്യരായ അനേകം ഗോതമ്പ്മണികൾ! യഥാർത്ഥ സുവിശേഷപ്രവർത്തകരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. യഥാർത്ഥ സുവിശേഷപ്രവർത്തകർ അനുദിനം ഞെരുങ്ങി ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുകയാണ്. തക്കസമയത്ത്, അവർക്ക് ആഹാരം ലഭിച്ചെന്നുവരില്ല, മറ്റുള്ളവരാരും കൈത്താങ്ങൽ നൽകുവാൻ കാണുകയില്ല. എത്ര വിശുദ്ധമായി ജീവിച്ചാലും, അനേകർ ഈ യഥാർത്ഥ സുവിശേഷ പ്രവർത്തകരെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും. അങ്ങനെ നിലത്തുവീണഴുകുന്ന ഗോതമ്പ്മണിയായി പക്കാ സുവിശേഷപ്രവർത്തകർ മാറുന്നു. അങ്ങനെ കഷ്ടങ്ങളിലൂടെയും സഹനങ്ങളിലൂടെയും നാമും കടന്നുപോകേണ്ടിയിരിക്കുന്നു. അഴുകാത്ത ഗോതമ്പ് ഫലം പുറപ്പെടുവിക്കുന്നില്ലാത്തതുപോലെ സുവിശേഷപ്രവർത്തനങ്ങളാൽ ശുശ്രൂഷകരും അഴുകിയാൽ മാത്രമേ കൂടുതൽ ഫലങ്ങളുണ്ടാക്കുവാൻ കഴിയൂ.

## പാപികൾക്കുവേണ്ടിയുള്ള മരണം

### രക്ഷയുടെ ഘട്ടം

"ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ

# Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമൊ നാം അവനാൽ എത്ര അധികമായി കോപത്തിൽനിന്ന് രക്ഷിക്കപ്പെടും. ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പു വന്നുവെങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്രയധികമായി രക്ഷിക്കപ്പെടും'' (റോമ.5:8,9,10). ദൈവത്തിന്റെ സ്നേഹം മനുഷ്യന്റെ സ്നേഹം പോലെയല്ല, മനുഷ്യന്റെ സ്നേഹം 'ക്ലീൻ ഇമേജ്' ഉള്ളവരെ അംഗീകരിക്കുന്ന വിധത്തിലാണെങ്കിൽ, പാപികളെത്തേടിച്ചെന്ന്, അവരെ അംഗീകരിക്കുന്ന വിധത്തിലാണ് ദൈവത്തിന്റെ സ്നേഹം. മാത്രമല്ല, പാപിയെ ദൈവം പാപമോചനം നൽകി ഉയർത്തിയ ശേഷം പിന്നെയും രക്ഷയുടെ കഴുകലുകളും അഭിഷേകം ചെയ്യലുകളും തുടർന്നുകൊണ്ടേയിരിക്കും. രക്ഷിക്കപ്പെടുക എന്നത് മാനസാന്തരാനുഭവത്തോടെ ജീവിക്കുകയും എന്നതാണ്. പരിചയപ്പെടേണ്ടതുപോലെ പരിചയപ്പെട്ടിട്ടില്ലാത്ത സത്യദൈവമായ യേശുവിനെ അടുത്ത് പരിചയപ്പെടുമ്പോൾ, ആ സ്നേഹം ഒന്നാസ്വദിച്ചറിയുമ്പോൾ ഉണ്ടാകുന്ന ഒരു സുഖം അനുഭവിക്കലാണ് യഥാർത്ഥ മാനസാന്തരം. അതാണ് ഒന്നാംഘട്ടം, രക്ഷയുടെ ഘട്ടം.

**ഉണർവ്വിന്റെ ഘട്ടം**

വീണ്ടുംജനനത്തോടെയാണ് ഉണർവ്വിന്റെ ഘട്ടമുണ്ടാകുന്നത്. തങ്ങൾ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ അനുഭവിച്ചറിയാത്തവർക്കുകൂടി അനുഭവിച്ചറിയുവാൻ ഇടവരുത്തണമെങ്കിൽ നമ്മിൽ ഒരു പ്രത്യേക ഉണർവ്വുണ്ടായിരിക്കണം, എങ്കിലേ കഴിയൂ. ഉറക്കച്ചടവും, സാമ്പത്തികാരിഷ്ടതയും ഒക്കെയുണ്ടാകാൻ സാധ്യതയുള്ള ഈ ഉണർവ്വിന്റെ ഘട്ടത്തിൽ കൃപാവരങ്ങൾ ലഭിക്കാത്തവർ തളരാതെയിരിക്കണമെങ്കിൽ പ്രത്യേകം കരുതലോടെ പ്രാർത്ഥിച്ചിരിക്കണം. തൊട്ടടുത്ത ക്രൂശിന്റെ ഘട്ടവും, പോരാട്ടത്തിന്റെ ഘട്ടവും ജീവന്റെ ഘട്ടവും ഏറ്റവുമൊടുവിൽ നിത്യതയുടെ ഘട്ടവും നമ്മെ കാത്തുനിൽക്കുകയാണ്.

**ക്രൂശിന്റെ ഘട്ടം**

നമുക്കുണ്ടാകാൻ പോകുന്ന ക്രൂശിന്റെ ഘട്ടത്തിൽ സഹനങ്ങളേറെയുണ്ടെന്നതിനേക്കാൾ തിരിച്ചറിയേണ്ടത്. ക്രിസ്തുവിന്റെ ക്രൂശാരോഹണം പാപികൾക്കു വേണ്ടിയായിരുന്നു എന്നതും അഭക്തർക്കുംകൂടി വേണ്ടിയായിരുന്നു എന്നതും നീതികെട്ടവർക്കും വേണ്ടിയായിരുന്നു എന്നതുമൊക്കെ തിരിച്ചറിയുമ്പോൾ ക്രൂശിന്റെ ഘട്ടത്തെ ഓർത്ത് നാം നെടുവീർപ്പിടുകയില്ല - നാം ശക്തിപ്പെടുകയേയുള്ളു.

1 പത്രൊ.3:18-ൽ ''ക്രിസ്തുവും നമ്മെ ദൈവത്തോടടുപ്പിക്കേണ്ടതിന് നീതിമാനായി, നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടമനുഭവിച്ചു".

റോമ.5:6 - "നാം ബലഹീനരായിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു".

റോമ.5:8 - "ക്രിസ്തുവൊ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു."

**പോരാട്ടത്തിന്റെ ഘട്ടം**

സാത്താനോടാണ് നാം പോരാടേണ്ടി വരുന്നത്. വാഴ്ചകളോടും അധികാരങ്ങളോടും എന്നുവേണം പറയുവാൻ. സ്വന്തം ശരീരത്തോടും ദേഹിയോടും പോലും അതിശക്തമായി പോരാടിക്കൊണ്ടിരിക്കണം. പ്രാർത്ഥിച്ചും ഉപവസിച്ചും ആണ് പോരാടേണ്ടത്. ''പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രെ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ച് നിൽപ്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവ്വിൻ" (എഫേ.6:11,12,13).

**ക്രിസ്തുവിന്റെ മരണം: ദൈവമഹത്വത്തിന്**

"യഹോവയായ ഞാൻ മാറാത്തവൻ" (മലാ.3:6). മാറാത്തവൻ തന്നെ. ഒരിക്കലും മാറാത്ത വിശ്വാസവും വിവേകപൂർവ്വമായ ആലോചനയും ആ ആലോചനയുടെ അടിസ്ഥാനത്തിലുള്ള തീരുമാനം എടുക്കുന്നവനും ആണ്, മാറ്റമില്ലാത്ത കാര്യങ്ങളെ ദൈവനിർണ്ണയപ്രകാരം ചെയ്യുന്നത്. പാപത്തിനെതിരെ പ്രവർത്തിച്ചതെല്ലാം ദൈവനിർണ്ണയപ്രകാരമായിരുന്നു. തിരെഞ്ഞെടുപ്പും ദൈവനിർണ്ണയപ്രകാരം തന്നെയായിരുന്നു. അക്കാര്യമാണ് യോഹ.3:16-ൽ പറഞ്ഞിരിക്കുന്നത്. ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." റോമറുടെ ലേഖനം 5:6,7,8 ഒരിയ്ക്കൽക്കൂടി എഴുതുന്നത് വളരെ വളരെ ഉപകാരപ്രദമാണ്. "നാം ബലഹീനരായിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനു വേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാനു വേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു".

**കാന്തശക്തി**

യോഹ.12:32-ൽ ''താനോ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലക്ക് ആകർഷിക്കും''. 33-ാം വാകൃത്തിൽ ''ഇത് താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ച് പറഞ്ഞതത്രേ.'' അതിക്രൂരമായി സഹിച്ചതിനുശേഷമത്രേ ഉയർത്തപ്പെടുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അസംഖ്യം മനുഷ്യർ ക്രിസ്തുവിലൂടെ ദൈവരാജ്യത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. ആ സംഭവം, അഥവാ, ക്രൂശിതമരണം ഒരാത്മിക കാന്തശക്തിയാണ്. പക്ഷേ ജനകോടികൾക്ക് കാന്തശക്തിയുടെ പരിധിക്കുള്ളിൽ ഇനിയും എത്തുവാൻ കഴിയുന്നില്ല. ''എങ്കിലും നിത്യജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്ക് മനസ്സില്ല" (യോഹ.5:40).

ഈ ലോകത്തിലെ ഏറ്റവും എളുപ്പമായ കാര്യമാണ് പാപക്ഷമ പ്രാപിക്കുക എന്നത്. ഒരു ഡോളർ പോലും മുടക്കില്ലാത്ത ഒന്നാണ് പാപമോചനം എന്നു പറയുമ്പോൾ അതിന്റെ കാരണം എന്താണ്? പക്ഷേ ഏറ്റവും വലിയ മുടക്കായ സ്വന്തം മന:സ്സാക്ഷിയും ആത്മാവും ജീവിതവും ക്രിസ്തുവിന്റെ കരങ്ങളിൽ വിശ്വാസപൂർവ്വം കൊടുക്കുവാൻ കഴിയുന്നതാണത്. **കോടിക്കണക്കിന് ഡോളർ മുടക്കുന്നതിനേക്കാൾ വലുതാണ് ആത്മാർത്ഥമായ വിശ്വാസത്താൽ നമ്മുടെ ജീവിതത്തെ ക്രിസ്തുവിന് കൊടുക്കുക എന്നത്.**

1 യോഹ.2:2-ൽ ''അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിന് മാത്രമല്ല സർവ്വോകത്തിന്റെ പാപത്തിനും തന്നെ.'' 1 കൊരി.15:22-ൽ പറയുന്നു **ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. സർവ്വലോകത്തിന്റെയും, പാപം ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാടിന്റെ മരണം (യോഹ.1:29) വിശ്വസിക്കുന്ന സകലരുടെയും പാപത്തെ ചുമന്നൊഴിച്ചുകളഞ്ഞു എന്ന തിരുവചനം നമ്മുടെ ആത്മഭാരങ്ങളെ മാറ്റുവാൻ മതിയായതാണ്. വിശ്വാസികൾക്ക് മാത്രമാണ് ക്രിസ്തുവിന്റെ തിരുമരണത്തിന്റെ പ്രയോജനം ലഭിക്കുന്നത്.** ''ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല'' (എബ്രാ.9:22). "എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്തയാഗം കൊണ്ട് പാപ്പരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി" (9:26).

ഇങ്ങനെ ഏകയാഗത്താൽ രക്തശുദ്ധീകരണം നടത്തി പാപ്പരിഹാരം വരുത്തിയതിന്റെ ഗുണഭോക്താക്കൾ, ആകുവാൻ, ദൈവം, കൃപയാൽ, തെരെഞ്ഞെടുത്തിരിക്കുന്നത് വിശ്വസിക്കുന്നവരെ മാത്രമാണ്.

# Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം 3 Christology

## ന്യായപ്രമാണശാപം

ക്രിസ്തുവും നമുക്കുവേണ്ടി ശാപമായിത്തീർന്നുകൊണ്ട് ന്യായപ്രമാണശാപത്തിൽ നിന്ന് നമ്മെ വീണ്ടെടുത്തു. ന്യായപ്രമാണശാപങ്ങളിൽ ചിലത് കുറിയ്ക്കാം. "അവന്റെ കല്പനകളും പ്രമാണങ്ങളും പാലിക്കാഞ്ഞാൽ ഈ ശാപമൊക്കെയും നിനക്ക് വന്ന് ഭവിക്കും. 1. പട്ടണത്തിൽ നീ ശപിക്കപ്പെട്ടിരിക്കും. 2. വയലിലും ശപിക്കപ്പെട്ടിരിക്കും. നിന്റെ കുട്ടയും മാവു കുഴയ്ക്കുന്ന തൊട്ടിയും ശപിക്കപ്പെട്ടിരിക്കും. 3. നിന്റെ ഗർഭഫലവും കൃഷിഫലവും കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും ശപിക്കപ്പെട്ടിരിക്കും. 4. അകത്തുവരുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും; പുറത്തുപോകുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും.
5. എന്നെ ഉപേക്ഷിച്ച് ചെയ്ത ദുഷ്പ്രവൃത്തികൾ നിമിത്തം നീ വേഗത്തിൽ മുടിഞ്ഞുപോകുംവരെ നിന്റെ കൈ തൊടുന്ന എല്ലാറ്റിലും യഹോവ പരിഭ്രമവും പ്രാക്കും ശാപവും അയയ്ക്കും. 6. യഹോവ മഹാമാരി അയയ്ക്കും. 7. ക്ഷയരോഗം, ജ്വരം, പുകച്ചിൽ, അത്യുഷ്ണം, വരൾച്ച, വെൺകതിർ, വിഷമഞ്ഞ് എന്നിവയാൽ യഹോവ നിന്നെ ബാധിക്കും; നീ നശിക്കും വരെ അവ നിന്നെ പിന്തുടരും. 8. നിന്റെ തലയ്ക്കു മീതെയുള്ള ആകാശം ചെമ്പും നിനക്കുകീഴുള്ള ഭൂമി ഇരുമ്പും ആകും. 9. മൂലവ്യാധി, പരുക്കൾ, ചൊറി, ചിരങ്ങ്, ഭ്രാന്ത്, അന്ധത, ചിത്തഭ്രമം" ഇങ്ങനെ പോകുന്നു ശാപങ്ങൾ. ആവ.28-ൽ 16 മുതലുള്ള തിരുവെഴുത്തുകളിലാണ് ഇക്കാര്യം ഉള്ളത്.

പുതിയനിയമത്തിലെ ഗലാത്യലേഖനത്തിലെ ഒരൊറ്റ തിരുവചനത്തെ വിശ്വസിച്ചേറ്റെടുക്കാൻ നാം തയ്യാറാവുകയാണെങ്കിൽ ഈ ശാപങ്ങൾക്കൊക്കെയും ശാപമോക്ഷം ഉണ്ടാകും. "ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു, ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കു വാങ്ങി" (ഗാല.3:13).

യഥാർത്ഥത്തിൽ ആവർത്തനപുസ്തകത്തിലെ 28-ാം അദ്ധ്യായത്തിൽ മാത്രമല്ല മറ്റനേകം അദ്ധ്യായങ്ങളിൽ നിരന്നുകിടക്കുന്ന ശാപങ്ങളൊക്കെയും ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നപ്പോൾ അഴിക്കുകയായിരുന്നു. പക്ഷേ, ക്രിസ്തു അതെല്ലാം അഴിച്ചു എന്ന് നാം പറഞ്ഞതുകൊണ്ടായില്ല, ക്രിസ്തു നമുക്കുവേണ്ടി കാൽവരിക്രൂശിൽ നഗ്നനായി തൂങ്ങിമരിച്ചപ്പോൾ നമ്മുടെ ശാപങ്ങളെല്ലാം അവിടുന്ന് ഒഴിച്ചുകളഞ്ഞു എന്ന് നാം വിശ്വസിക്കണം. നാം അത് വിശ്വസിക്കുമ്പോഴാണ് നമുക്കത് സത്യമായി അനുഭവപ്പെടുന്നത്. ഈ വചനത്തെ വിശ്വസിക്കുന്നവർ, വിശ്വസിപ്പിക്കാത്തതുകൊണ്ട്, കുറച്ചൊക്കെ ശാപമുള്ളതുകൊണ്ട് ഞങ്ങൾ ശാപം വെട്ടി പ്രാർത്ഥിക്കുമെന്നും അങ്ങനെ



# Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

യുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണമെന്നും നിർബന്ധമുള്ളവർ ജനങ്ങളെ കബളിപ്പിക്കുകയാണ്.

**പരമയാഗം**

യാഗത്തിലൂടെയാണ് പഴയനിയമമനുസരിച്ച് ദൈവവുമായുള്ള ബന്ധം പുന:സ്ഥാപിക്കുന്നത്.

1.ഹോമയാഗം: ശബ്ബത്തിലും അമാവാസിയിലും ഉത്സവസന്ദർഭങ്ങളിലും പാപയാഗത്തിന് ശേഷം, ഹോമയാഗംകൂടി അർപ്പിക്കുമായിരുന്നു. ഹോമയാഗത്തിൽ യാഗമൃഗത്തിന്റെ തൊലി ഒഴികെയുള്ള ശരീരഭാഗങ്ങൾ ദഹിപ്പിക്കുമായിരുന്നു. പുരോഹിതന്മാരുടെ ശുദ്ധീകരണത്തിനും സ്ത്രീകളുടെയും കുഷ്ഠരോഗികളുടെയും ശുദ്ധീകരണത്തിനുമാണ് കൂടുതലായും ഈ യാഗം അനുഷ്ഠിച്ചിരുന്നത്. ഹോമയാഗം കളങ്കരഹിതനായ യേശുക്രിസ്തുവിന്റെ നിഴലാണ്. കാളയും ആടും പ്രാവുമാണ് പ്രമുഖ യാഗവസ്തുക്കൾ. എഫേ.5:2-ൽ "ക്രിസ്തുവും നിങ്ങളെ സ്നേഹിച്ച് നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായ് അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."

2.ഭോജനയാഗം:യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെയാണ് ഭോജനയാഗം ചൂണ്ടിക്കാണിക്കുന്നത്, അഥവാ, യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ നിദർശനമാണ് ഭോജനയാഗം (ലേവ്യാ.2:1-16). ഈ യാഗം

(ശേഷം 22-ാം പേജിൽ)




**ജൂൺ മാസത്തിൽ ദേവസ്യാ സാറിന്റെ കൈക്കീഴിൽ സ്നാനമേറ്റവരിൽ ചിലർ**

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്
ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



**പാ:ബിജു**
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ
Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്**
സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)
**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph: 9847872731, 9946586728
**കൊല്ലം**
**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

**ഭവന കൂട്ടായ്മകൾ:-**
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



**പാ.കെ.സി ദേവസ്യാ (ദാസ്)**
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to1pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm), 4-ാം ഞായർ (12.30 pm to 1 pm)
പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ,** ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട,** അംബികാ ഭവനം എല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ,** 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
**ആന്നാട്,** 2-ാം ചൊവ്വ ബാബുഭവനം 10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
**കുടപ്പനക്കുന്ന്,** 4-ാം ചൊവ്വ ശശിഭവനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
വലിയവിള, 2-ാം ബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
കരമന,3-ാം ബുധൻ ശാന്തഭവനം 3 pm 3-ാം ബുധൻ
ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം സാവിത്രിഭവനം10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം4.30pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, പാറോട്ട്കോണം,4-ാം ശനി മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to 4 pm (ആരാധന)

## CHURCH OF ETERNITY
# CENTRAL MINISTRY


Rev. Devasia Mullakara


Pr. Sam Saravan
PH : 08489261474


Pr.Radhakrishnan
PH : 8086425080


Associate pastor
P.D Mathew
PH : 9961066460


Pr.Ramesan


Youth Pastor
Sarath Mohan


Br.Jobi


Br.Sabu


Br.Rahul


Br.Prince


Br.Shon


Br.Justin


24 x 7 Prayer Line

9495932106 , 9447715159

പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക







(15-ാം പേജിൽ നിന്നും തുടർച്ച)

രക്തരഹിതമാണ്. ഇതിൽ ഉപയോഗിക്കുന്നത് നേരിയ മാവാണ്. ക്രിസ്തുവിന്റെ നൈർമ്മല്യമാണിത് പ്രതിനിധീകരിക്കുന്നത്. എണ്ണ ഉപയോഗിക്കുന്നുണ്ട്. എണ്ണ പരിശുദ്ധാത്മാവിന്റെ പ്രതീകവസ്തുവാണ്. കുന്തിരിക്കവും ഭോജനയാഗത്തിൽ ചേർക്കും. ദൈവമുമ്പാകെ ക്രിസ്തുവിന്റെ ജീവിതം സൗരഭ്യവാസനയാണെന്ന് 2 കൊരി.2:15-ൽ പറഞ്ഞിട്ടുണ്ട്. "രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസനയായിരുന്നു; ഇവർക്ക് മരണത്തിൽ നിന്ന് മരണത്തിലേ ക്കുള്ള വാസന, അവർക്കോ ജീവനിൽ നിന്ന് ജീവങ്കലേക്കുള്ള വാസന തന്നെ" (2 കൊരി.2:15,16).

3. സമാധാനയാഗം:- (സ്തോത്രയാഗം) ക്രിസ്തുവിന്റെ കാൽവരിക്രൂശിലെ മരണത്തെ സമാധാനയാഗം സാദൃശ്യമാക്കുന്നു. ക്രിസ്തുവിന്റെ കാൽവരിമരണത്തിലൂടെ വിശ്വാസിക്ക് സമാധാനം കൈവരുന്നു. ക്രിസ്തു നമ്മുടെ സമാധാനമാണെന്ന് എഫേ.2:14-ൽ (എഫേ.2:17) ഉണ്ടല്ലോ.

4. പാപയാഗം:- സംഖ്യ.28:15 തിരുവചനം കുറിയ്ക്കാം. "നിരന്തര ഹോമയാഗത്തിനും അതിന്റെ പാനീയ യാഗത്തിനും പുറമെ പാപയാഗമായി യഹോവയ്ക്ക് ഒരു കോലാട്ടുകൊറ്റനെയും അർപ്പിക്കണം".

5. അകൃത്യയാഗം:- (ലേവ്യാ.5:1-10). അബദ്ധവശാൽ ചെയ്തുപോകുന്ന പാപം മാറാൻ ചെയ്യുന്നു, അകൃത്യയാഗം. ക്രിസ്തുവിന്റെ പാപപ്പരിഹാര ബലിയെയാണ് അകൃത്യയാഗം സാദൃശീകരിക്കുന്നത്.

6.കരപൂരണയാഗം:- പുരോഹിതന്മാരുടെ സ്ഥാനപ്രതിഷ്ഠക്ക് ചെയ്യുന്ന ഒരു ചെറിയ യാഗമാണിത് (2 ദിന.13:9, 1 ദിന.29:5).

എല്ലാ യാഗങ്ങളും ക്രിസ്തു വന്നതോടെ നിഷ്പ്രയോജനകരമായി. അന്നത്തെ പുരോഹിതൻ ഇത്തരം യാഗങ്ങൾ ചെയ്തു. അത് അന്നത്തെ കല്പനയായിരുന്നു. ഇന്നത്തെ പുരോഹിതരോട് ഇക്കാലത്ത് ചെയ്യുന്ന കുർബ്ബാനകൾ വേഗം നിർത്തി യഥാസ്ഥാനപ്പെട്ടുകൊൾവാൻ എബ്രായലേഖനത്തിലൂടെ ദൈവം പറയുന്നു. "ഏത് പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെക്കൂടെ കഴിച്ചുംകൊണ്ട് നിൽക്കുന്നു" (എബ്രാ.10:11).

പഴയനിയമയാഗങ്ങളെല്ലാം ക്രിസ്തുവിന്റെ നിഴലുകളായിരുന്നു എന്ന ബൈബിൾ സത്യം ഒരിക്കൽകൂടി ആവർത്തിച്ചെഴുതട്ടെ. ഹാബേലും വിശ്വാസത്താൽ ദൈവത്തിന് ഉത്തമമായ യാഗം കഴിച്ചു. എബ്രായലേഖനം ഇപ്രകാരം പറയന്നു, "വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു" (എബ്രാ.11:4). ഹാബേലിൽ നാം കാണുന്നത് വിശ്വാസത്തിന്റെ ആരാധനയാണെന്ന് പറയാം. ഭക്തിയും അനുസരണവുമായുള്ള ഹൃദയത്തോട് കൂടിയ ഒരു അർപ്പണമായിരുന്നു. അവന്റെ വിശ്വാസമാണ് അവനെ നീതീകരിച്ചത്. തിരുവചനം വ്യാഖ്യാനിക്കുന്നിടത്തെല്ലാം ഇന്നും എല്ലാവരും ഹാബേലിനെ പ്രശംസിക്കുന്നുണ്ട്.

**INRI**

കാൽവരിക്രൂശിൽ നമുക്കുവേണ്ടി മരിച്ച ക്രിസ്തുവിന്റെ ശിരസ്സിനുമീതെ മേലെഴുത്ത് വെച്ചിരുന്നു. ലാറ്റിനിൽ "IESUS NAZARENUS REX, IUDAEORUM" എന്നാണത്. ചുരുക്കെഴുത്ത് INRI. "അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കൈയെഴുത്ത് മായ്ച്ച് ക്രൂശിൽ തറച്ചു നടുവിൽ നിന്ന് നീക്കിക്കളഞ്ഞു. വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി" (കൊലോ.2:14,15). ന്യാപ്രമാണതത്വങ്ങൾ നിർവ്വഹിക്കുക ആർക്കും എളുപ്പമായിരുന്നില്ല. അവ നമുക്കെതിരെ നിലനിന്നിരുന്നു.

Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം 3 Christology

കയ്യെഴുത്ത് എന്നതിന് അർത്ഥം കടച്ചീട്ട്, അഥവാ ബോണ്ട്, എന്നാണ്. ന്യായപ്രമാണം ലംഘിച്ചാൽ അവയ്ക്കെതിരെയുള്ള ശിക്ഷ അനുഭവിച്ചുകൊണ്ട് ആ കടം വീട്ടണമായിരുന്നു. കർത്താവാകട്ടെ ആ കടച്ചീട്ട് ക്രൂശിൽ തറച്ച് നടുവിൽനിന്ന് നീക്കിക്കളഞ്ഞു. കടങ്ങളെല്ലാം എഴുതിത്തള്ളി. അക്കാരണത്താൽ ക്രിസ്തുയേശുവിലുള്ളവർക്ക് ന്യായപ്രമാണത്തിന്റെ ഒരു ശിക്ഷാവിധിയും പ്രതീക്ഷിക്കേണ്ടതില്ല. "മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് അവനും അവരേപ്പോലെ, ജഡരക്തങ്ങളോട് കൂടിയവനായി, അധികാരിയായ പിശാചിനെ, തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിലടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു" (എബ്രാ.2:14,15). നമുക്കറിയാം മരണത്തിന് കാരണം പാപമാണെന്ന്. പാപത്തിന്റെ ശമ്പളം മരണമാണെന്ന്. റോമ.6:23. പാപം വന്നത് പിശാച് മൂലമായതുകൊണ്ടാണ്. മരണഭീതിയും അവനുണ്ടാക്കുന്നതാണ്. അതും സാത്താന്റെ കയ്യിലെ ആയുധമാണ്. എന്നാൽ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചവർക്ക് മരണഭീതി നിലനിൽക്കുകയില്ല. കാരണം അവൻ ജീവിക്കുന്നതും മരിക്കുന്നതും കർത്താവിലാണ്.

### നടുച്ചുവർ

"അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷങ്ങളെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്തിൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത് സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽവെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തേയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നെ" (എഫേ.2:14,15,16).

യഹൂദനെന്നും പുറജാതി എന്നും ദൈവസഭയെന്നും മനുഷ്യവർഗ്ഗത്തെ, ബൈബിൾ 3-ആയി തിരിക്കുന്നു. "യഹൂദന്മാർക്കും യവനന്മാർക്കും ദൈവസഭയ്ക്കും ഇടർച്ചയല്ലാത്തവരാകുവിൻ" എന്ന് 1

## ക്യാൻസറിൽ നിന്നും അത്ഭുതവിടുതൽ



എന്റെ പേര് മിനി. ഭർത്താവ് ജോസ്. പയ്യാവൂരിനടുത്ത് ചന്ദനക്കാംപാറയിലാണ് ഞങ്ങൾ താമസിക്കുന്നത്. 2015-ൽ എനിക്ക് അതിശക്തമായ നടുവേദന വന്നു. ഒരു വർഷത്തോളം ആയുർവ്വേദചികിത്സ നടത്തി. കുറവില്ലാത്തതിനാൽ എന്നെ കണ്ണൂരുള്ള കൊയ്‌ലി ആശുപത്രിയിൽ കൊണ്ടുപോയി. വിശദമായ പരിശോധനയിൽ അസ്ഥികൾ പൊടിഞ്ഞുപോകുന്ന തരത്തിലുള്ള ഒരു തരം ക്യാൻസർ ആണെന്നും ഉടനെ ഓപ്പറേഷൻ നടത്തണമെന്നും ഡോക്ടർമാർ പറഞ്ഞു. ഞങ്ങൾ ദൈവത്തിൽ ശരണപ്പെട്ടു. കണ്ണൂർ BRB ഓഡിറ്റോറിയത്തിൽ 2016 നവംബർ 21 മുതൽ ദേവസ്യാ മുല്ലക്കരസാർ നടത്തിയ ഒരു ധ്യാനത്തിൽ പങ്കെടുക്കുവാൻ ദൈവം എന്നെയും അനുഗ്രഹിച്ചു. അവിടെവച്ച് കൈവയ്പ് പ്രാർത്ഥനയുടെ സമയത്ത് ഞാൻ പൂർണ്ണമായും സുഖപ്പെട്ടു. പിന്നീട് പുളിങ്ങോത്ത് വച്ചുനടന്ന പ്രാർത്ഥനയിലും ഇക്കഴിഞ്ഞ ജൂൺ 24-ാം തീയ്യതി ഇരിട്ടി M2H റസിഡൻസിയിൽ വച്ചു നടന്ന കൺവെൻഷനിലും ഞങ്ങൾ പങ്കെടുത്തു. ഇപ്പോൾ ശരീരത്തിൽ സമ്പൂർണ്ണസൗഖ്യം അനുഭവിച്ചുകൊണ്ടും ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിച്ചുകൊണ്ടും ഞങ്ങൾ സന്തോഷത്തോടെ ജീവിക്കുന്നു. യേശുവെ ആരാധന.

**മിനി ജോസ്, ചന്ദനക്കാംപാറ**
**9446625653**

Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

കൊരി.10:32-ൽ നാം വായിക്കുന്നു. പക്ഷേ ഈ കൃപായുഗസഭാകാലത്ത്, അവരെ മുഴുവൻ പേരെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്കുന്ന ദൈവസ്നേഹ സ്വഭാവമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അതിനു വേണ്ടി യഹൂദനും ജാതിക്കും മദ്ധ്യേ ഉണ്ടായിരുന്ന നടുച്ചുവർ ആദ്യംതന്നെ ഇടിച്ചുകളഞ്ഞു. ഇതൊരു സാങ്കൽപ്പിക ചുവർ ആണ്. യഹൂദരും ജാതികളും എന്നൊരു കാഴ്ചപ്പാടുണ്ടായിരുന്നു. അവരെ തമ്മിൽ വേർതിരിച്ചിരുന്ന മതിലാണ് ക്രിസ്തുവിന്റെ കാൽവരി യാഗം എന്ന അതിസ്വാഭാവികസ്നേഹം (Super Natural Love) കൊണ്ട് തകർത്തത്. തന്റെ ജഡത്തിന്റെ മരണത്താൽ നീക്കി, ഒരു പുതുപുത്തൻ മാനവികത ഉണ്ടാക്കി. **ആ പുതുപുത്തൻ മാനവികതയാണ് പുതിയനിയമത്തിലൂടെ യേശുക്രിസ്തു ആവിഷ്ക്കരിച്ചത്. അത് എല്ലാം മറക്കുകയും പൊറുക്കുകയും, എല്ലാത്തിനും വേണ്ടി പ്രാർത്ഥിക്കുകയും, സ്വയം താഴ്ത്തുകയും ചെയ്യുന്ന, ഒരു വിശുദ്ധ ആദ്ധ്യാത്മികത യാണ്.'' അവിടെ നാം ഇല്ല; നമ്മിൽ ക്രിസ്തു മാത്രമേയുള്ളു. അത്തരം ഒരാൾ മറ്റൊരാളോട് ചേർന്ന്, മറ്റൊരാൾ പലരോട് ചേർന്ന് ഒരു വിശുദ്ധസങ്കീർത്തനം പോലെ ആരാധിക്കുമ്പോൾ അതാണ് സഭ.** ക്രിസ്തുവിന്റെ ക്രൂശിതമരണത്തെ അതിന്റെ മുഴുവൻ അർത്ഥത്തോടുംകൂടി വിശ്വസിച്ചേറ്റെടുക്കുന്നവർക്ക് ന്യായവിധി അഥവാ കുറ്റവിധി ഇല്ലെന്ന് ബൈബിൾ പഠിപ്പിക്കുന്നു. "ദൈവം തിരെഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം; ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു യർത്തെഴുന്നേറ്റവൻ തന്നെ. അവൻ ദൈവത്തിന്റെ വലതുഭാഗത്തിരിയ്ക്കുകയും നമുക്കുവേണ്ടി പക്ഷവാദം കഴിയ്ക്കുകയും ചെയ്യുന്നു" (റോമ.8:33,34). "ക്രിസ്തുവിനോട് ഐക്യപ്പെടുന്നവർക്ക് ശിക്ഷാവിധിയില്ല" (റോമ.8:1).

അതിന്റെ കാരണം യഥാർത്ഥ വിശ്വാസിയുടെ പാപത്തെ തന്റെ രക്തത്താൽ കഴുകിയിട്ട് ആ രക്തത്താൽ ക്രിസ്തു അവരെ വിലയ്ക്കുവാങ്ങിയിരിക്കുകയാണ്. അങ്ങനെ നാം വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. നാം വിലയ്ക്ക് വാങ്ങപ്പെട്ടവരായതുകൊണ്ട് പിശാചിനാകട്ടെ മറ്റാർക്കുമാകട്ടെ, നമ്മെ പരാജയപ്പെടുത്താൻ കഴിയുകയില്ല.

വിശ്വാസികൾക്ക് ഇപ്പോൾ വിശുദ്ധീകരണത്തിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. "ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിയ്ക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (എബ്രാ.10:10). മാത്രമല്ല, "ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സദ്ഗുണപൂർത്തി വരുത്തിയിരിക്കുന്നു" (എബ്രാ.10:14).

ന്യായപ്രമാണത്താൽ മനുഷ്യജീവിതം സമ്പൂർണ്ണതയിലെത്തുകയില്ല. അക്കാര്യം അപ്പൊസ്തലനായ പൗലൊസ് സമർത്ഥിച്ചശേഷം, ഇപ്രകാരം കഴിയുകയില്ലാത്ത സമ്പൂർണ്ണത ക്രിസ്തുവിന്റെ മരണത്താൽ കഴിയുകതന്നെ ചെയ്യും എന്ന് ഇവിടെ സമർത്ഥിക്കുകയാണ്. എബ്രാ.9:14-ൽ ''എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മന:സ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്രയധികം ശുദ്ധീകരിക്കും?

**അതിവിശുദ്ധസ്ഥലം**

പഴയനിയമമനുസരിച്ച്, ആണ്ടിലൊരിക്കൽമാത്രം യാഗമൃഗത്തിന്റെ രക്തവുംകൊണ്ട് മഹാപുരോഹിതന് കൃപാസനത്തിങ്കൽ എത്താം. പുതിയനിയമവ്യവസ്ഥയനുസരിച്ച് യഥാർത്ഥ വിശ്വാസികൾക്ക് ഏതൊരു സമയത്തു വേണമെങ്കിലും, ക്രൂശുമരണത്തിന്റെ യോഗ്യതകൊണ്ട് കൃപാസനത്തിങ്കൽ എത്താം. എബ്രാ.10:19,20 – "അതുകൊണ്ട് സഹോദരന്മാരെ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും ദേവാലയത്തിൻമേൽ ഒരു മഹാപുരോ






2017 ജൂൺ 26 മുതൽ 30 വരെ പാലായിൽ വച്ചു നടത്തിയ ബൈബിൾ ക്ലാസ്സിൽനിന്നും







2017 ജൂൺ 24 ന് ഇരിട്ടിയിൽ വച്ചു നടന്ന കൺവെൻഷൻ







**2017 ജൂൺ 19 മുതൽ 22 വരെ പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ വച്ച് നടന്ന രോഗസൗഖ്യാനുഭവധ്യാനത്തിൽ നിന്നും**




## ഹാർട്ടിനും ലംഗ്സിനും
## കൃപയാൽ സൗഖ്യം



എന്റെ പേര് റോസ്‌ലിൻ. ഭർത്താവ് വിൻസെന്റ്. എറണാകുളം ജില്ലയിൽ കണ്ണമാലി റോഡിൽ ചെറിയകടവിലാണ് ഞങ്ങൾ താമസിക്കുന്നത്. രണ്ടുവർഷംമുമ്പ് എനിക്ക് ശക്തമായ ശ്വാസംമുട്ടലും ഹാർട്ടിനും ലംഗ്സിനും നീർക്കെട്ടും വേദനയും അനുഭവപ്പെട്ടു. അനേകം ആശുപത്രികൾ കയറിയിറങ്ങി. പക്ഷെ ഒരാശ്വാസവും ലഭിച്ചില്ല. അങ്ങനെയിരിക്കുമ്പോഴാണ് ദേവസ്യാ മുല്ലക്കര സാറിന്റെ ഒരു ധ്യാനത്തിൽ പങ്കെടുക്കുവാൻ ഞങ്ങൾക്കവസരം ലഭിച്ചത്. ഒന്നരവർഷത്തോളം മുമ്പാണത്. സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചിട്ട് സമ്പൂർണ്ണ സൗഖ്യമാണ് വിശ്വസിച്ചുകൊള്ളാൻ പറഞ്ഞു. ഞാൻ അത് വിശ്വസിച്ചു. അത്ഭുതമെന്നു പറയട്ടെ എനിക്ക് പിന്നീട് ആ അസുഖങ്ങൾ വന്നിട്ടേയില്ല. രണ്ടാഴ്ചമുമ്പ് ഞങ്ങൾ കോട്ടയം മെഡിക്കൽ കോളേജിൽ പോയി വിശദമായ ചെക്കപ്പ് നടത്തിനോക്കി. യാതൊരു കുഴപ്പവുമില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. ഞങ്ങൾ പാലാരിവട്ടം ചർച്ചിൽ പോയി സുരേഷ്പാസ്റ്ററിലൂടെ സത്യവചനം കേൾക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു. യേശുവെ നന്ദി.

**റോസ്‌ലിൻ ജോസ്. എറണാകുളം**
**9446901032**




ഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തുചെല്ലുക".

### കുഞ്ഞാടിന്റെ രക്തത്താലങ്കി വെളുപ്പിക്കാം

"ആമേൻ, നമ്മുടെ ദൈവത്തിന് എന്നന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും; ആമേൻ എന്നു പറഞ്ഞു ദൈവത്തെ നമസ്കരിച്ചു. മൂപ്പന്മാരിൽ ഒരുത്തൻ എന്നോട്: വെള്ള നിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആര്? എവിടെനിന്നു വന്നു എന്നു ചോദിച്ചു. യജമാനൻ അറിയുമല്ലോ എന്ന് ഞാൻ പറഞ്ഞതിന് അവൻ എന്നോട് പറഞ്ഞത്, ഇവർ മഹാകഷ്ടത്തിൽ നിന്ന് വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിലിരുന്ന് അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്ക് കൂടാരം ആയിരിക്കും" (വെളി.7:12-15).

കുഞ്ഞാടിന്റെ രക്ത്താൽ അങ്കി അലക്കി വെളുപ്പിച്ചു എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? കർത്താവിൽ മാത്രം ആശ്രിക്കുന്നതിനാൽ, നീതീകരിക്കപ്പെടുകയും ദൈവമനുവദിച്ചാൽ, രക്തസാക്ഷിത്വം പോലും വഹിക്കുവാൻ കഴിയുകയും ചെയ്യുക എന്നാണർത്ഥം.

### ക്രിസ്തുവിനോടൊന്നിച്ചു ജീവിക്കാം

1 തെസ്സ.5:10-ൽ "ദൈവം നമ്മെ കോപത്തിനല്ല, നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിന് നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നത്" എന്ന വചനത്തിൽ പറയുന്നതുപോലെ ക്രൂശുമരണത്താൽ നമുക്ക് ക്രിസ്തുവിനോട് ഒരുമിച്ച് ജീവിക്കാൻ കഴിയുന്നു. മാത്രമല്ല,

മഹോപദ്രവകാലത്തെ സാക്ഷികൾക്ക് (വെളി.7:14,15) കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിക്കാൻ കഴിയുന്നു. അവർ എതിർക്രിസ്തുവിന്റെ വാളാൽ കൊല്ലപ്പെട്ടുവെങ്കിലും കുഞ്ഞാടിന്റെ ക്രൂശുമരണത്തിലുള്ള വിശ്വാസംകൊണ്ട് സകല പീഡകളെയും അനുഭവിച്ചവരുമാണ്, അവസാനം തങ്ങളുടെ പ്രാണനെ വെച്ചുകൊടുത്തവരുമാണ്.

**ക്രിസ്തുവിന്റെ മരണം; പ്രാതിനിധ്യമരണം**

ക്രിസ്തുവിന്റെ മരണം ത്രീയേകദൈവത്തിന്റെ അതിഗഹനമായ ഒരു ആത്മീയപദ്ധതിയുടെ പൂർത്തീകരണത്തിന് അത്യാന്താപേക്ഷിതമായിരുന്നു.അതിലൊന്നാമത്തെ ആശയം, പാപികളുടെ മരണശിക്ഷ പാപികളുടെമേൽ ചുമത്താതെയിരിക്കുവാൻ, കാരണം പാപത്തെ ഏറ്റവും കൂടുതൽ വെറുക്കുന്ന ദൈവം, പാപികളെയും സ്നേഹിക്കുന്ന ദൈവം, അവർക്ക് പാപത്തിന്റെ ശിക്ഷ ഉണ്ടാകാതിരിക്കുവാൻ, ഉണ്ടാകാൻ സാദ്ധ്യതയുള്ള ശിക്ഷ മുഴുവൻ തന്റെ മരണത്തിലൂടെ അനുഭവിക്കുകയായിരുന്നു. പാപപ്രകൃതിക്ക് ഒരു പ്രശ്നമുണ്ട്. പാപപ്രകൃതി നിമിത്തം, മനുഷ്യന് ദൈവകല്പനകളെ പൂർണ്ണമായി അനുസരിക്കുവാൻ കഴിയുകയില്ല. പാപം ലവലേശം തീണ്ടാത്ത ക്രിസ്തു, ദൈവകല്പനകളെ താൻ ഒരു മനുഷ്യപ്രകൃതിയുള്ള വ്യക്തിയായിരുന്നിട്ടും മുഴുവനായി അനുസരിക്കുകയും താൻ എത്ര മനുഷ്യരുടെ ചുമതല ഏറ്റെടുക്കുവാൻ പോകുന്നുവോ, അത്രയും പേരുടെയും അനുസരണകൂടി ഏറ്റെടുക്കുകകൂടി ചെയ്തപ്പോഴാണ്, അവരൊക്കെ ചെയ്ത മുഴുവൻ പാപത്തിനും ശിക്ഷ ഏൽക്കേണ്ടി വന്നത്. റോമ.5:19-ൽ ആ അനുസരണത്തെപ്പറ്റി പറഞ്ഞതെഴുതാം.

"ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ, ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും". അതായത്, ക്രിസ്തുവിന്റെ അനുസരണത്താൽ വിശ്വസിക്കുന്ന ജനകോടികൾ നീതിമാന്മാരായിത്തീരുന്നു എന്ന ദൈവവ്യവസ്ഥ ഈ തിരുവെഴുത്തിലൂടെ പ്രസ്പഷ്ടമാവുന്നു. റോമ.5:20 "എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതുപോലെ, കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ



To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

## Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം 3
# Christology

നിത്യജീവനായി വാഴേണ്ടതിന് തന്നെ." എല്ലാവരുംകൂടി ചെയ്ത പാപം പതിനായിരം പതിനായിരം ടൺ ആണെങ്കിൽ, യേശുവിലൂടെ ഒഴുകിയ കൃപ കോടാനുകോടി ടൺ ആയപ്പോൾ പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു എന്ന വാക്ക് അന്വർത്ഥമാവുകയായിരുന്നു.

**പാപികൾക്കുവേണ്ടിയുള്ള പ്രാതിനിധ്യമരണം**

ക്രിസ്തു മരിച്ചത് സ്വന്തം പാപങ്ങൾക്കായിട്ടല്ല എന്നതിന്റെ തെളിവുകളാണിനി എഴുതുന്ന വചനങ്ങൾ.

1. "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു?" (യോഹ.8:46).

2. "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപമൊഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ, നമുക്കുള്ളത്" (എബ്രാ.4:15).

3. ''അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നില്ല" (1 പത്രൊ.2:22).

4. ''പാപം അറിയാത്തവനെ നാം അവനിൽ നീതിയാകേണ്ടതിന്, അവൻ നമുക്കുവേണ്ടി പാപം ആക്കി" (2 കൊരി.5:21).

5. "നാം പാപം സംബന്ധിച്ച് മരിച്ച് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു"(1 പത്രൊ.2:24).

6. "എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു" (യെശ.53:5).

7. " ക്രിസ്തുവൊ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമ.5:8).

8. "ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന് നീതിമാനായി നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു. ജഡത്തിൽ മരണശിക്ഷ യേൽക്കുകയും ആത്മാവിൽ ജീവിക്കപ്പെടുകയും ചെയ്തു" (1 പത്രൊ.3:18).

ഈ തിരുവെഴുത്തുകൾ ശ്രദ്ധവച്ച് പഠിക്കുന്ന യാതൊരാൾക്കും മനസ്സിലാകും ക്രിസ്തു പരിശുദ്ധനായിരുന്നുവെന്നും, അവന്റെ മരണം, പാപികളായ നമുക്ക് പകരമുള്ള പ്രാതിനിധ്യമരണം, ആയിരുന്നു എന്നും.

**ഒരു വിശ്വാസിക്ക് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടാം**

1. "യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നുവെന്ന് നിങ്ങളറിയുന്നില്ലയോ" (റോമ.6:3).

2. ''നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയമനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്ന് നാം അറിയുന്നു" (റോമ.6:6).

3. ''നാം ക്രിസ്തുവിനോടുകൂടി മരിച്ചുവെങ്കിൽ അവനോടുകൂടി ജീവിക്കും എന്ന് വിശ്വസിക്കുന്നു" (റോമ.6:8).

4. ''ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന് ന്യായപ്രമാണത്താൽ ന്യായപ്രമാണസംബന്ധമായി മരിച്ചു. ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാ.2:20).

5. "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്. അവനാൽ ലോകമെനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ.6:14).

6. ''കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂടി ഉയിർപ്പിച്ച് നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിർത്തും എന്ന് ഞങ്ങൾ അറിയുന്നു" (2 കൊരി.5:14).

ഈ തിരുവെഴുത്തുകൾ നമ്മോട് പറയുന്നത്, നമ്മിലെ പഴയ മനുഷ്യനിൽ ആണി അടിക്കുവാനും പഴയ മനുഷ്യൻ മരിക്കുവാനും ഇടയാകണമെങ്കിൽ, വിശ്വാസത്താൽ, ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടേണ്ടതുണ്ട് എന്നാണ്. തീർച്ചയായും, ഓരോ വിശ്വാസിയും ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ മാത്രമേ ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേൽക്കുകയുള്ളു.

**ക്രിസ്തുവിന്റെ സഹനവും മരണവും വിശ്വാസിക്ക് മാതൃകയാണ്**

1. "ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു" (1 പത്രൊ.2:21).

2. "യേശു ശിഷ്യന്മാരോട് പറഞ്ഞത് ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിക്കുവാൻ ഇഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം''? (മത്താ.16:24,25,26).

ഈ തിരുവെഴുത്തുകൾ നമ്മോട് പറുന്നത് ക്രിസ്തുവിന്റെ സഹനവും മരണവും വിശ്വാസിക്കുള്ള ഉയർന്ന മാതൃകയാണെന്നാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവൻ തന്റെ ക്രൂശ് തീർച്ചയായും എടുത്തിരിക്കണമെന്നുമാണ്.

**ക്രിസ്തുവിന്റെ മരണത്തിന്റെ ഫലവും ആത്മികാനുഗ്രഹവും**

ക്രിസ്തുവിന്റെ വീണ്ടെടുപ്പ് വേലയാണ് കാൽവരിമരണം. ഈ വീണ്ടെടുപ്പുവേല സകല മനുഷ്യവർഗ്ഗത്തിന്റെയും സ്വർഗ്ഗീയയാത്രയ്ക്ക് ഉപകരിക്കുന്നതായിരുന്നു. തീത്തോ.2:11-ൽ പറഞ്ഞത് ''സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ" എന്നാണ്. മനുഷ്യൻ ന്യായപ്രമാണത്താൽ പരിശോധിക്കപ്പെട്ടുവെങ്കിലും പുതിയ യുഗവ്യവസ്ഥയിൽ ക്രിസ്തുവിലൂടെ ലഭ്യമായ രക്ഷയിൽ അവൻ ദൈവദർശനം സാധിക്കുകയായിരുന്നു. റോമ.3:5-ൽ ഇപ്രകാരം കാണുന്നു. "എന്നാൽ നമ്മുടെ അനീതി ദൈവത്തിന്റെ നീതിയെ പ്രസിദ്ധമാക്കുന്നു എങ്കിൽ നാം എന്തു പറയും? ശിക്ഷ നടത്തുന്ന ദൈവം നീതിയില്ലാത്തവനെന്നോ? ഞാൻ മാനുഷരീതിയിൽ പറയുന്നു; ഒരുനാളും അല്ല; അല്ലെങ്കിൽ ദൈവം ലോകത്തെ എങ്ങനെ വിധിക്കും?"

ഏതാനും തിരുവചനങ്ങൾ ചുവടെ കുറിക്കാം. ആ തിരുവചനങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെടുന്ന ആശയങ്ങൾ ഏവയാണെന്ന് ആ തിരുവചനങ്ങൾക്കൊടുവിൽ കുറിയ്ക്കാൻ വേണ്ടി ശ്രമിക്കാം. ഈ പേജുകളിലെല്ലാം ക്രിസ്തുവിന്റെ മരണത്തിലൂടെ മാനവജാതികൾക്കുണ്ടാകുന്ന നിത്യതയുൾപ്പെടെയുള്ള വമ്പിച്ച ആനുകൂല്യങ്ങൾ ഏവയാണെന്നാണല്ലോ നാം കണ്ടെത്തുന്നത്.

1. "പിന്നെ അപ്പമെടുത്ത് വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം: എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമമാകുന്നു" (ലൂക്കാ.22:19,20).

2. "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. ഞാൻ ജീവന്റെ അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന തിന്നിട്ടും മരിച്ചുവല്ലോ. ഇതോ തിന്നുന്നവൻ, മരിക്കാതിരിക്കേണ്ടതിന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്ന അപ്പമാകുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു; ഈ അപ്പം തിന്നുന്നവനെല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു" (യോഹ.6:47-51).

# Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

"ജീവിപ്പിക്കുന്നത് ആത്മാവാകുന്നു: മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു" (യോഹ.6:63).

3. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു" (മത്താ.20:28).

4. ''ഞാൻ നല്ല ഇടയനാകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതുകണ്ട് ആടുകളെ വിട്ട് ഓടിക്കളയുന്നു. ചെന്നായ് അവയെ പിടിക്കുകയും ചിന്നിച്ചുകളയുകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് വിചാരമില്ലാത്തവനുമല്ലോ" (യോഹ.10:11-13).

5. ''ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. ഈ തൊഴുത്തിൽപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും" (യോഹ.10:15,16).

6. ''ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന. സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല" (യോഹ.15:12,13).

7. "സ്വന്തം പുത്രനെ ആദരിക്കാതെ എല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടി സകലവും നമുക്ക് നൽകാതിരിക്കുമോ?" (റോമ.8:32).

8. "നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ, ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നത് ദുർല്ലഭം; ഗുണവാനുവേണ്ടി, പക്ഷേ, മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ, നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമ.5:6,7,8).

9."ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു; എല്ലാവർക്കുംവേണ്ടി ഒരുവൻ മരിച്ചിരിക്കെ, എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചുയിർത്തവനായിട്ടുതന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു" (2 കൊരി.5:14,15). "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന്, അവൻ നമുക്കുവേണ്ടി പാപം


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

## Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം 3
## Christology

ആക്കി" (2 കൊരി.5:21).

10. ''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ച്, എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത, ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്" (ഗലാ.2:20).

11. ''അത് ചെയ്യുന്നവൻ അതിനാൽ ജീവിക്കും എന്നുണ്ടല്ലോ" (ലേവ്യ.18:5). "മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ'' (ആവ.21:22) എന്നെഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കുവാങ്ങി. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന് നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ" (ഗലാ.3:13,14).

12. "ക്രിസ്തുവും നിങ്ങളെ സ്നേഹിച്ച് നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ" (എഫേ.2:5).

13. "ദൈവം നമ്മെ കോപത്തില്ല, നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിന് നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നത്" (1 തെസ്സ.5:9,10).

14. "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ" (1 തിമൊ.2:5,6).

15. ''അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു. സൽപ്രവൃത്തികളിൽ ശുഷ്കാന്തിയു



thiruvalla



ettumanoor

**ചർച്ച് ഓഫ് ഇറ്റേണിറ്റി കുട്ടികൾക്കായി നടത്തിയ വി.ബി.എസ്സിൽ പങ്കെടുത്ത തിരുവല്ലയിലേയും ഏറ്റുമാനൂരിലെയും കൊച്ചു കൂട്ടുകാർ**



ള്ളോരു സ്വന്തജനമായി തനിക്ക് ശുദ്ധീകരിക്കേണ്ടതിന് തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു. ഇത് പൂർണ്ണഗൗരവത്തോടുകൂടി പ്രസംഗിക്കുകയും പ്രബോധിപ്പിക്കുകയും ശാസിക്കുകയും ചെയ്ക. ആരും, നിന്നെ തുച്ഛീകരിക്കരുത്" (തീത്തോ.2:14,15).

16. "എങ്കിലും ദൈവകൃപയാൽ എല്ലാവർക്കുംവേണ്ടി മരണമാസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ചവന്നവനായ യേശു മരണമുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു" (എബ്രാ.2:9).


17. "ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന്, നീതിമാനായി, നീതികെട്ടവർക്കുവേണ്ടി, പാപം നിമിത്തം ഒരിക്കൽ കഷ്ടമനുഭവിച്ചു, ജഡത്തിൽ മണശിക്ഷയേൽക്കുകയും ആത്മാവിൽ ജീവിപ്പിക്കുകയും ചെയ്തു" (1 പത്രൊ.3:18).

18. "അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹമെന്തെന്ന് അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു. എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ, ആരെങ്കിലും നിന്റെ സഹോദരന് മുട്ടുള്ളത് കണ്ടിട്ട് അവനോട് മനസ്സലിവ് കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളെ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക" (1 യോഹ.3:16-18).

യേശുക്രിസ്തുവിന്റെ മരണത്തിലൂടെ സകല മനുഷ്യരുടെയും, പ്രത്യേകിച്ച്, വിശ്വാസികളുടെ. പാപത്തിന് പ്രായശ്ചിത്തം, ഒരുക്കപ്പെട്ടു, എന്ന ബൈബിൾ സത്യം ആണ് ഈ തിരുവചനങ്ങളിലൂടെ നാം അറിയുന്ന ഒരു സുപ്രധാനകാര്യം. മാത്രമല്ല, ലോകത്തിന്റെ പാപം ക്രിസ്തു ചുമന്ന്, ലോകർ പാപമില്ലാത്തവരെപ്പോലെ ആകത്തക്കവണ്ണം ആ പാപങ്ങളെ ലോകത്തിൽ നിന്നും ഒഴിച്ചു എന്നും പറയാം. ക്രിസ്തു പാപികൾക്കായി മാത്രമാണ് മരിച്ചത്. പാപത്തിനുവേണ്ടി ക്രിസ്തു കഷ്ടമനുഭവിച്ചു. നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രിസ്തു ശാപം ആക്കപ്പെട്ടു. അങ്ങനെ സർവ്വലോകത്തിനും വേണ്ടിയുള്ളതാണ് ക്രിസ്തുവിന്റെ മരണം. എങ്കിലും, അപ്രകാരം മരിച്ചുയിർത്തത് തന്നോടുള്ള സ്നേഹം മുഖാന്തരമാണെന്നും, താൻ ആ സത്യം വിശ്വസിച്ച് ഏറ്റെടുത്താൽ തനിക്ക് പാപത്തെയും ലോകത്തെയും ദുർമ്മോഹത്തെയും ശാപഗ്രസ്തമായ അന്തരീക്ഷങ്ങളെ യുമെല്ലാം പരാജയപ്പെടുത്തി ആത്മനിറവിൽ ജീവിക്കാൻ കഴിയും എന്നും ഏറ്റവുമൊടുവിൽ സ്വർഗ്ഗത്തിലെ നിത്യതയും, ഭൂമിയിൽ ജീവിക്കുന്ന കാലത്ത്, യഥാർത്ഥ സന്തോഷവും സമാധാനവും അനുഭവിക്കാൻ കഴിയും എന്നും ആണ് ഈ തിരുവചനങ്ങളിലൂടെ പരിശുദ്ധാത്മാവ് നമ്മോട് സംസാരിക്കുന്നത്.

**ആത്മികാനുഗ്രഹങ്ങൾ**

മാനസാന്തരപ്പെട്ട്, വീണ്ടുംജനനം പ്രാപിച്ച്, വിശുദ്ധജീവിതം നയിക്കുന്ന, വചനാനുസാരിയായി ജീവിക്കുന്ന, ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണം അവന്റെ നിത്യതയെ ഉറപ്പുവരുത്തുന്നതുതന്നെയാണ്. ക്രിസ്തുവി



# Fundamental Knowledge of True Theology - Chapter : 25

# ക്രിസ്തുശാസ്ത്രം Christology 3

ന്റെ ക്രൂശുമരണം മുഖാന്തരം പാപക്ഷമ പ്രാപിക്കുന്ന ഒരു വ്യക്തിക്ക് എണ്ണിയാൽ ഒടുങ്ങാത്ത അനുഗ്രഹങ്ങളാണ് ക്രിസ്തുവിന്റെ മരണം മൂലം ലഭിക്കുന്നത്. എഫേസ്യലേഖനം 1-ാം അദ്ധ്യായത്തിന്റെ 3-ാം വാക്യം പ്രകാരം, "പിതാവായ ദൈവം അവനെ സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹത്താലും ക്രിസ്തുവിൽ അനുഗ്രഹിക്കുന്നു". 2 കൊരി.5:17-ൽ പറഞ്ഞിരിക്കുന്നതുപോലെ "ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയത്, കടന്നുപോയി, ഇതാ, അതു പുതുതായിതീർന്നിരിക്കുന്നു" എന്ന തിരുവചന സത്യം പോലെ ക്രിസ്തുവിന്റെ മരണത്തിലൂടെത്തന്നെയാണ് ഒരാൾ പുതിയ സൃഷ്ടിയായിത്തീരുന്നത്.

ഒരാൾ പുതിയ സൃഷ്ടിയായിത്തീരുന്നതിനേക്കാൾ വലിയ ആത്മീകാനുഗ്രഹം ഏതാണ്? തന്റെ ആത്മാവിന്റെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്ക് മടങ്ങിവരുന്നതും ക്രിസ്തുവിന്റെ മരണത്തിലൂടെയാണ്. 1 പത്രൊ.2:25-ൽ "നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളേപ്പോലെ, ആയിരുന്നു. ഇപ്പോഴൊ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്ക് മടങ്ങിവന്നിരിക്കുന്നു"എന്നു രേഖപ്പെടുത്തിയിരിക്കുന്നു. 1 യോഹ.1:7 - "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുക" മാത്രമല്ല റോമാലേഖനം 3:26 പ്രകാരം ''യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പാൻ തന്നെ അങ്ങനെ ചെയ്തത്'' എന്ന വചനമനുസരിച്ച് നീതീകരിക്കുകയും ചെയ്യുന്നു. ഒരാളെ വിശുദ്ധീകരിക്കുകയും നീതീകരിക്കുകയും ചെയ്തുകഴിഞ്ഞാൽ തേജസ്ക്കരിച്ച് ജയോത്സവം കൊണ്ടാടുകകൂടി ചെയ്താൽ മതിയല്ലോ. കൊലൊ.2:14,15 വചനങ്ങൾ ഇങ്ങനെയാണ്. ''അതിക്രമങ്ങളൊക്കെയും തന്നോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായ്ച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി."

നമ്മെ ശുദ്ധീകരിക്കുകയും, നീതീകരിക്കുകയും, തേജസ്ക്കരിക്കുകയും ജയോത്സവം കൊണ്ടാടുകയും ഒക്കെ ചെയ്യാനും മാത്രം യോഗ്യതയുള്ളതായിരുന്നു അവിടുത്തെ ക്രൂശിതമരണം. ക്രിസ്തുവിന്റെ മരണം, സാത്താനെ പുറന്തള്ളി എന്നാണ് കൊലോസ്യ ലേഖനത്തിൽ 2:14-ൽ പറഞ്ഞത്. തുടർന്ന് യോഹ.12:31-33-ൽ പറയുകയായിരുന്നു: "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു: ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തുതള്ളിക്കളയും. ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും എന്നുത്തരം പറഞ്ഞു. ഇത് താൻ മരിപ്പാനുള്ള ഇത് താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ചുപറഞ്ഞതത്രേ.'' ക്രിസ്തുവിന്റെ മരണം, സാത്താനെ പുറന്തള്ളുവാനുള്ളതായിരുന്നു.

## പിതാവിന് പ്രസാദകരം - ക്രിസ്തുവിൽ ഒന്നായിച്ചേരുക

കൊലോസ്യലേഖനം 1:19,20 വചനങ്ങളിൽ "അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട്, അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിൽ ഉള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി."ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ളതെല്ലാം ക്രിസ്തു മുഖാന്തരം ദൈവപിതാവിനോട് നിരപ്പിക്കുകയായിരുന്നു എന്നത്രേ, കൊലോസ്യലേഖനത്തിൽ പരിശുദ്ധാത്മാവ് പറഞ്ഞത്. അതോടുകൂടി കാലസമ്പൂർണ്ണതയിലെ വ്യവസ്ഥ നിറവേറി. എന്തായിരുന്നു കാലസമ്പൂർണ്ണതയിലെ വ്യവസ്ഥ? എഫേസ്യലേഖനം 1:10-ൽ പറയുന്നു **"അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്കുക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായികൊണ്ടു തന്നെ."**

# വാർത്തകൾ

## ഭൂമിക്ക് അധികനാൾ ആയുസ്സില്ല: ലോകാവസാനം മുപ്പത് വർഷത്തിനുള്ളിൽ

ന്യൂയോർക്ക്: ഭൂമിക്ക് അധികനാൾ ആയുസ്സില്ല. ഭൂമിയിലെ എല്ലാം തകർന്നുവീഴും മുമ്പെ മറ്റ് ഗ്രഹങ്ങളിലേക്കോ ഉപഗ്രഹങ്ങളിലേക്കോ രക്ഷപ്പെടാൻ സമയം അതിക്രമിച്ചെന്ന് പ്രമുഖശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ്. അടുത്ത മുപ്പത് വർഷത്തിനുള്ളിൽ ചന്ദ്രനിലൊ ചൊവ്വയിലൊ കോളനികൾ സ്ഥാപിക്കാൻ മനുഷ്യൻ മുന്നിട്ടിറങ്ങേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. വർദ്ധിച്ചുവരുന്ന ജനസംഖ്യയും കാലാവസ്ഥാമാറ്റങ്ങളും ഭൂമിയിലെ നിലനിൽപ്പ് വലിയ പ്രതിസന്ധിയിലാക്കുമെന്നും നോർവെയിൽ നടന്ന സയൻസ് ഫെസ്റ്റിവലിൽ ഹോക്കിംഗ് പറഞ്ഞു. വരാനിരിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ ചന്ദ്രനിലും ചൊവ്വയിലും കോളനികൾ സ്ഥാപിക്കുകയാണ് നല്ലത്. ഭൂയിൽ ഇന് കണ്ടെത്താൻ സ്ഥലങ്ങളില്ല. ഇതിനാൽ ഭൂമിക്ക് പുറത്തുതന്നെ മറ്റൊരു താവളം തേടേണ്ടതുണ്ട്.അവിടെ പുതിയലോകം സൃഷ്ടിക്കണം. സസ്യങ്ങൾ, മൃഗങ്ങൾ ഷഡ്പദങ്ങൾ എല്ലാം ഉൾപ്പെടുന്ന ഒരു ലോകം സ്ഥാപിക്കണം.

കേവലം ഒരു ഛിന്നഗ്രഹം വന്നിടിച്ചാൽ തകരുന്നതാണ് ഭൂമി. ഇതിന് പുറമെ കാലാവസ്ഥാ മാറ്റങ്ങളും ഭൂമിയെ ഇല്ലാതാക്കിയേക്കാം. 'മനുഷ്യൻ ഭൂമി വിട്ടു പോകേണ്ട ആവശ്യമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്........... ഭൂമി വളരെ ചെറുതായിരിക്കുന്നു, ഭൗതിക വിഭവങ്ങൾ ഭീതിജനകമായ തോതിൽ വറ്റിപ്പോകുന്നുവെന്നും' ഹോക്കിംഗ് പറഞ്ഞു.



കടപ്പാട്: ഈസ്റ്റ് കോസ്റ്റ് ഡെയ്‌ലി


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM**

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| ജൂലൈ 17-21 | ആന്തരികസൗഖ്യാനുഭവധ്യാനം (Harvesters & Evangelists) പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം Ph:04985 213999, 9947267701,9446988562 |
| ജൂലൈ 22 | കൺവെൻഷൻ, കരുവഞ്ചാൽ അഭിഷേക് ഓഡിറ്റോറിയം Ph: 9495066598, 04985 213999 10 am-3 pm |
| ജൂലൈ 23 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ജൂലൈ 24,25 | തൊടുപുഴ, കോതമംഗലം ബൈബിൾ സ്കൂൾ. Ph:9446379625, 9747499619 |
| ആഗസ്റ്റ് 5 | തൃശൂർ കൺവെൻഷൻ, ചേംബർ ഓഫ് കൊമേഴ്സ്ഹാൾ,പാലസ് റോഡ് Ph:9961854203 10 am-3 pm |
| ആഗസ്റ്റ് 6 | എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. Ph:9388487301,10 am-3 pm |
| ആഗസ്റ്റ് 12 | തിരുവല്ല. ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| ആഗസ്റ്റ് 13 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm |
| | തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ, 2:30 pm-5:30 pm, Ph:9446718242 |
| ആഗസ്റ്റ് 15 | പിറവം, കൺവെൻഷൻ, മാം ഓഡിറ്റോറിയം, 10 am-3 pm Ph:9446688679 |
| ആഗസ്റ്റ് 20 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9400784917,9645707908. 10 am-3 pm |
| ആഗസ്റ്റ് 21-25 | ലഹരിവിരുദ്ധജീവിതവിജയധ്യാനം പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം Ph:04985 213999, 9947267701,9446988562 |
| ആഗസ്റ്റ് 26 | കൺവെൻഷൻ, കണ്ണൂർ സോണൽ. Ph:04985 213999 10 am-3 pm |
| ആഗസ്റ്റ് 27 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ആഗ.28-സെപ്തം.1 | എറണാകുളം, ബൈബിൾ സ്കൂൾ. Ph:9388487301 |

## പൊതുകൺവെൻഷനുകൾ

**ഒന്നാം ഞായർ പാലാരിവട്ടം, രണ്ടാം ഞായർ തിരുവനന്തപുരം, മൂന്നാം ഞായർ കോഴിക്കോട്, നാലാം ഞായർ ഏറ്റുമാനൂർ. ഒന്നാം ശനി തൃശ്ശൂർ, രണ്ടാം ശനി തിരുവല്ല, മൂന്നാം ശനി എറണാകുളം സോണൽ, നാലാം ശനി കണ്ണൂർ സോണൽ**

എല്ലാ മാസവും ആദ്യത്തെ ആഴ്ച പുസ്തകരചനയും പ്രാർത്ഥനയും.
എല്ലാ മാസവും മൂന്നാം ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ വെള്ളി വരെ പുളിങ്ങോം ധ്യാനം.
എല്ലാ മാസവും നാലാമത്തെ ആഴ്ചയിൽ തിങ്കൾ മുതൽ വിവിധയിടങ്ങളിൽ സോണൽ ബൈബിൾ സ്കൂളുകൾ.

ATHMABHISHEKAM MONTHLY
2017 JULY
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th JULY 2017

**'Assuredly, I say to you, in as much as you did it to one of the least of these My brethren, you did it to Me.'**

**(Matthew 25:40)**

changing lives

# CHAITHANYA OLD AGE HOME

## (Chaithanya Social Service Society)

PULINGOME, KANNUR, KERALA, INDIA

CHARITY

Support US

look at us love US

ചൈതന്യ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ
പ്രവർത്തിക്കുന്ന അച്ചൻകിളിക്കൂട്ടിലെ ആശ്രിതർ
ശുശ്രൂഷകരോടും ദേവസ്യാ സാറിനുമൊപ്പം



സാമ്പത്തികമായി സഹായിക്കാനാഗ്രഹിക്കുന്നവർ ബന്ധപ്പെടുക : 9947267701, 04985213 999

# ആന്തരികസൗഖ്യധ്യാനവും

## രോഗസൗഖ്യപ്രാർത്ഥനയും

പുളിങ്ങോം
ആത്മാഭിഷേകം
വചനാശ്രമത്തിൽവെച്ച്

**2017 ജൂലൈ**
**17,18,19,20,21(തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി)**

July 2017

| Sun | Mon | Tue | Wed | Thu | Fri | Sat |
|---|---|---|---|---|---|---|
| | | | | | | 1 |
| | | | | | | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 31 | | | | | | |

**CONTACT: 9947267701, 9446988562, 04985213999**

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).